മനുഷ്യന്റെ ഐഹികജീവിതം

മനുഷ്യന്റെ ഐഹികജീവിതം

ക. നി. മൂ. സ. പ്രസിദ്ധീകരണസംഘം

L. F. Press, Thevara, 1947.

NIHIL OBSTAT

Fr. Gregory T. O. C. D.

Fr. Gervase T. O. C. D.

Ampazhakad,
16—12—'46.

IMPRIMI POTEST

Fr. John of Jesus Mary T. O. C. D.
PRIOR GENERAL.

P. G. House,
Ernakulam.
20—12—'46

Imprimatur

† **Georġe Alapatt**

Trichur
23—12—'46

Bp. of Trichur.

മനുഷ്യന്റെ ഐഹികജീവിതം

മനുഷ്യന്റെ ഐഹികജീവിതം സമയത്തിലും പാരത്രിക ജീവിതം നിത്യതയിലുമാണല്ലൊ. സമയത്തിന്റെ നിമിഷങ്ങളും ഓരോന്നായി വേഗം കടന്നുപോകുന്നു. ഓരോമനുഷ്യനും ജനനംമുതൽ മരണംവരെ ഇപ്രകാരം കടന്നുപോയിക്കൊണ്ടിരിക്കുന്ന നിമിഷങ്ങളും തുടച്ചയായി കിട്ടുന്നുണ്ടു. എന്നാൽ മരണത്തോടുകൂടി സമയം അവസാനിക്കുകയും നിത്യതപം ആരംഭിക്കുകയും ചെയ്യുന്നു. അതുകൊണ്ടു് സമയത്തിന്റെ സ്വഭാവവും വിലയും അതിന്റെ ശരിയായ ഉപയോഗവും അതിനുള്ള മാർഗ്ഗങ്ങളും നാം മനസ്സിലാക്കിയിരിക്കേണ്ടതാണു്. നമ്മുടെ ജീവിത വിജയം ഇതിന്മേലത്രെ ആശ്രയിച്ചിരിക്കുന്നതു്. ഗൌരവമേറിയ ഈ സംഗതിയായിരിക്കട്ടെ ഈ മാസത്തെ നമ്മുടെ ധ്യാന വിഷയം.

ഒന്നാം ധ്യാനം:

സമയത്തിന്റെ സ്വഭാവവും വിലയും

രൂപീകരണം:- "സമയത്തെക്കാൾ വിലയുള്ളതു് മറെറാന്നില്ലാ. എങ്കിലും മനുഷ്യരാൽ ഇത്ര നിസ്സാരമായി മതിക്കപ്പെട്ടുന്നതായും മറെറാന്നില്ലാ." എന്നു വി: ബസ്സ്യർദ്ദ പറയുന്നതു് കേൾക്കുന്നതായി വിചാരിക്കുക.

അഭ്യർത്ഥന:- സമയത്തിന്റെ വിലവേണ്ടത്ര മനസ്സിലാക്കി പ്രവർത്തിക്കുന്നതിന്നാവശ്യമായ അനുഗ്രഹം അപേക്ഷിക്കുക.

ധ്യാനം:- സമയംവേഗം കടന്നുപോകുന്നു. സമയവും അതിലുള്ള നമ്മുടെ ജീവിതവും വേഗത്തിൽ കടന്നുപോകുന്നു. ഐ

ഹിക ജീവിതം എത്ര ദീഘ്രമായിരുന്നാലും നിത്യത്വത്തോട് തുല നം ചെയ്യുമ്പോൾ വളരെ ഹ്രസ്വമാണെന്നുകാണാം. "എ ന്റെ സഹോദരന്മാരേ, സമയം ചുരുങ്ങിയിരിക്കുന്നു." എന്നു വി. പൌലോസ് കോറിന്തോസ്കാർക്കു എഴുതി. (T. Cor: VIII 29.) "കൈമ്മലയിൽ സമയം എത്രവേഗത്തിൽ കടന്നു പോകുന്നു എന്നുള്ളതു് അത്ഭുതാവഹമായിരിക്കുന്നു. വഷ്ങ്ങൾ ദിവസങ്ങൾപോലെയും, ദിവസങ്ങൾ ക്ഷണങ്ങൾപോലെയും ആ ണു്." എന്നതേ പതിനഞ്ചാം ലൂയിസ് രാജാവിന്റെ സഹോ ദരി സ്വന്തമാത്തിൽനിന്നു എഴുതുകയുണ്ടായതു്. *

സമയം ഏവർക്കും വളരെ വിലയുള്ളതത്രേ. ദൈവം മനു ഷ്യനു് സമയം നൽകുന്നതു് ഓരോ ക്ഷണം വീതമായിട്ടാണു്. രണ്ടു ക്ഷണം ഒരുമിച്ചു ആർക്കും കിട്ടുന്നില്ല. ഒന്നു കഴിഞ്ഞു വേ റൊന്നു. കഴിഞ്ഞതു് കടന്നുപോയി. അടുത്തതു കിട്ടുമോ എന്നു റിഞ്ഞുകൂടാ. ഇപ്പോൾ ഒരു ക്ഷണം മാത്രമെ കൈവശമുള്ളൂ. എന്റെ ജീവിതവിജയം മുഴുവൻ ഇതിനെ ആശ്രയിച്ചിരിക്കുന്നു എന്നു പറയാവുന്നതാണു്. ഇതുവരെ എനിക്കുകിട്ടിയ സമയം മുഴുവൻ നിർഭാഗ്യവശാൽ നഷ്ടപ്പെടുത്തികളഞ്ഞിട്ടുണ്ടെങ്കിൽ അതു വിണ്ടെടുക്കുന്നതിനു ഈ ഒരു നിമിഷം മതിയാകും. ദീ ഘ്രകാലംകൊണ്ടു സമ്പാദിച്ച യോഗ്യത മുഴുവൻ ഒരു നിമിഷം കൊണ്ടു നഷ്ടപ്പെടുത്തുവാനും പാടുണ്ടു്. കടന്നുപോകുന്ന ഓ രോ നിമിഷംകൊണ്ടു നമ്മുടെ നിത്യത്വം സുജീകരിക്കപ്പെടുന്നു. കടന്നുപോയ ഒരു നിമിഷത്തിൽ ഈശോമരിച്ചു. ഈശോയു ടെ അന്ത്യക്ഷണവും എന്റെ ഈ നിമിഷവുംകൂടി ചേർന്നാൽ

---

* "എന്റെ ആത്മാവെ ധൈര്യമായിരിക്കുക. സമയം ചു രുങ്ങിയതാണു്" "നിത്യത്വം മാത്രമെ ദീഘ്രമായുള്ളൂ," "വേദന ക്ഷണികമാണു്; സമ്മാനമാകട്ടെ നിത്യം" എന്നിങ്ങനെ മാത്തി ന്റെ ഭിത്തികളിൽ ആലേഖനം ചെയ്യപ്പെട്ടിരുന്ന വാക്യങ്ങൾ ഇതിനെത്തന്നെ അനുസ്മരിപ്പിക്കുന്നവയായിരുന്നു.

ഫാദർ സോയിൽ തന്റെ നവസന്ന്യാസകാലത്തു സ മാതാവിനു ഇങ്ങനെ എഴുതി "ഇവിടത്തെ സമയം വളരെ വി ചിത്രമായ ഒന്നാണു്. ഒരുമണിക്കൂറിനു ഇരുപതുമിനിട്ടെയുള്ളൂ. ഇ ത്തരം ആറൊ എഴൊ മണിക്കൂർ കൂട്ടുമ്പോൾ ഒരു ദിവസം എന്നു പറയുന്നു. കുറഞ്ഞപക്ഷം ഇതാണു് എന്റെ അനുഭവം."

എത്ര മഹൽക്കാര്യങ്ങളാണ് സാധിക്കാത്തത്! വിശ്രുതിയുടേയും രക്ഷയുടേയും വിലയാണ് ഓരോ നിമിഷത്തിലും സ്ഥിതിചെയ്യുന്നത്.

ഒരു കമ്പനിയിലെ വേലക്കാർ പണി നിറുത്താറാകുമ്പോഴും പോകുന്നതിനുള്ള ഒരുക്കത്തിനുവേണ്ടി സാധാരണ എടുക്കാറുള്ള അല്പസമയംകൊണ്ടുതന്നെ കമ്പനിക്കുണ്ടാകുന്ന നഷ്ടത്തെ കാണിക്കുന്നതിനുവേണ്ടി നോട്ടീസ് ബോർഡിൽ സ്ഥാപിച്ചിരുന്ന ഒരു പടത്തിൽ ഒരു വേലക്കാരൻ സിഗററു വലിക്കുന്നതായും, വേറൊരാൾ തലമുടി ഒന്നു ചൊവ്വാക്കുന്നതായും, വേറൊരുത്തൻ അല്പം പൊടി വലിക്കുന്നതായും ചിത്രീകരിച്ചിരുന്നു. അതിന്റെ അടിയിൽ "വേല നിറുത്താറാകുമ്പോൾ, ഒരുക്കത്തിനുവേണ്ടി നിങ്ങൾ എടുക്കുന്ന അഞ്ചുമിനിട്ടുകൊണ്ടു കമ്പനിക്കു ഏഴുകോടി ഫ്രാങ്ക് നഷ്ടപ്പെടുന്നു." എന്നു എഴുതിയിരുന്നു. നോക്കുക ഓരോരുത്തരുടെയും അഞ്ചുമിനിട്ടിന്റെ വില! എന്നാൽ സന്യാസിക്കെന്നല്ല ഏതു ക്രിസ്ത്യാനിക്കും സമയത്തിന്റെ വില ഫ്രാങ്കിലൊ രൂപാ അണ പൈസയിലോ അല്ല മതിക്കപ്പെടുന്നതു്. നമ്മുടെ ജോലിക്കു അന്തരം സമ്പളം ഇല്ലെങ്കിലും നമ്മുടെ ഓരോ നിമിഷവും അമൂല്യമാണ്.

നമുക്കു സന്യാസത്തിൽ ലഭിക്കുന്ന സമയത്തെക്കുറിച്ചും അതിൽ ചെയ്യേണ്ട ജോലിയെക്കുറിച്ചുമുള്ള ഉത്തരവാദിത്വം ദൈവത്തോടും അവിടുത്തെ പ്രതിനിധികളോടും സഭയോടുമാണ്. നാം അംഗങ്ങളായിരിക്കുന്ന സഭയുടെ ഉദ്ദേശ്യം വ്യവസായങ്ങളൊ ധനസമ്പാദനമൊ ഒന്നുമല്ല. അതു ഇവയിൽനിന്നെല്ലാം വളരെ ഉയർന്നതാണ്. നമുക്കു മനസ്സുണ്ടെങ്കിൽ ഒരു നിമിഷംകൊണ്ടു്, നല്ല കള്ളനെപ്പോലെ, അതുല്യമായ നിക്ഷേപം, അനശ്വരമായ സമ്പാദ്യം സ്വർഗ്ഗത്തിൽ രേഖരിക്കുവാൻ കഴിയും. അതുകൊണ്ടാണ് സമയം സ്വർഗ്ഗത്തെപ്പോലെ വിലയുള്ളതാണെന്നു് വി. ബർണ്ണാർഡു പറയുന്നതു്. നാം നന്നായി ചെലവഴിക്കുന്ന ഓരോ ക്ഷണവും ദൈവത്തിന്റെ സ്തുതിയും നമ്മുടെ നിത്യസൗഭാഗ്യവും വർദ്ധിപ്പിക്കുന്നു. ഇങ്ങനെ വർദ്ധിപ്പിക്കുന്ന മഹിമയും ഭാഗ്യപദവിയും ദൈവസ്തുതിയും എത്ര ചെറുതായിരുന്നാലും അതു ലോകംമുഴുവനേയുംകാൾ വിലയുള്ളതാണ്.

ഈശോയുടെ തിരുരക്തം എത്ര വിലയേറിയതോ അത്രക്കു നമ്മുടെ സമയവും വിലയേറിയതാകുന്നു എന്നും വി. ബർണ്ണാർഡു തന്നെ പറയുന്നു. എന്തെന്നാൽ, വി. തോമസ് അക്വീനാസിന്റെ

അഭിപ്രായം അനുസരിച്ചു, ലോകത്തെ മുഴുവൻ രക്ഷിക്കുന്നതിനു അതു തിരുരക്തത്തിന്റെ ഒരു തുള്ളി മതിയായിരുന്നതുപോലെ ഒരു നിമിഷത്തിന്റെ ശരിയായ വിനിയോഗവും അതിനു മതിയായിരിക്കുന്നതാണു്.

ഇതു വിലയേറിയ സമയത്തെ വേണ്ടപോലെ ഉപയോഗിക്കാത്തതിനാൽ ഈ ജീവിതത്തിൽത്തന്നെയും നമുക്കു പല വൈഷമ്യങ്ങളും നേരിടുന്നു എന്നതു് അനുഭവമാണു്. നിത്യജീവിതത്തിലുണ്ടാകുവാനിരിക്കുന്ന നഷ്ടമൊ അപരിഹാര്യം. ഇതൊന്നും മനസ്സിലാക്കാത്തവർ സമയം വല്ലവിധത്തിലും കടത്തി വിടുവാൻ ആഗ്രഹിക്കുന്നു. അവരുടെ ഈ മനസ്ഥിതിയെപ്പറ്റി ചിന്തിക്കുന്ന ആരും സഹതപിക്കതന്നെ ചെയ്യും. അവരാകട്ടെ ജോലി ഒന്നും ഇല്ലെന്നുംപറഞ്ഞു അലസരായി ചുറ്റി നടക്കുന്നു. അവരുടെ ഈ അലസതയും ചുറ്റിനടപ്പും, സമയം കളയുന്നതിനുവേണ്ടിയുള്ള അധികസംസാരവും ഛോദപ്രകൃച്ഛ്രം മറ്റുള്ളവരുടെ ഇടപ്പിക്കും തങ്ങൾക്കുതന്നെ നിരവധി തെറ്റുകൾക്കും കാരണമാകുന്നു. ലോകം, പിശാചു, ശരീരം എന്നീ ശത്രുക്കൾ ഈ തക്കംനോക്കി അവരെ കൂടുതൽ പരീക്ഷിക്കും. അവർ പരീക്ഷക്കു മിക്കവാറും അധീനരാവുകയും ചെയ്യും. "മടിയന്റെ മനസ്സു പിശാചിന്റെ പണിപ്പുരയാണെന്നുണ്ടല്ലൊ." ഇങ്ങനെ സമയം പാഴാക്കുന്നവർ സന്യാസ പരിപൂർണ്ണത പ്രാപിക്കുക സാധ്യമേയല്ല. ചിലപ്പോൾ ഇവരുടെ സമ്പ്രദായം സഭയെക്കുറിച്ചു എന്നു മാത്രമല്ല സന്യാസജീവിതത്തെക്കുറിച്ചുപോലും മനുഷ്യർക്കു വെറുപ്പിനും ആക്ഷേപത്തിനും കാരണമായിത്തീർന്നു എന്നു വന്നേക്കാം. ഇങ്ങിനെ സമയം പാഴാക്കി ജീവിക്കുന്നതു് ഒരു തഴക്കമായിത്തീർന്നാൽ അതിൽനിന്നു പിൻമാറുകഎന്നതും അത്ര സാധാരണമല്ല.

ചുരുക്കിപ്പറഞ്ഞതാൽ ഇങ്ങിനെയുള്ളവർ വിലയേറിയതായ സ്വന്തം ആയുസ്സിനെ തിരുപയോഗമാക്കിത്തീർക്കുന്നു. വലിയ പ്രതീക്ഷയോടുകൂടി ഇവരെ സന്യാസത്തിലേക്കു സകരുണം യിച്ചു ഈശോയുടെ തിരുഹൃദയത്തിനു ഇവരുടെ ജീവിതം ഒരു വലിയ ഇച്ഛാഭംഗമായും തീരുന്നു. ദൈവസ്തുതി വർദ്ധിപ്പിച്ചു സ്വർഗ്ഗത്തിൽ അനഘനിക്ഷേപവും ശാശ്വതസൗഭാഗ്യവും നേടുന്നതിനുവേണ്ടി ദൈവം നൽകുന്ന വിലയേറിയ സമയത്തെ ഈശോയുടെ തിരുഹൃദയത്തെ വേദനപ്പെടുത്തുന്നതിനും സ്വന്തം ശിക്ഷയെ വർദ്ധിപ്പിക്കുന്നതിനുംവേണ്ടി ദുരുപയോഗി

ക്കുന്നതു് എത്രയൊ പരിതാപകരമായ ഒരവസ്ഥയാണു്! ഈ നിഭ്രാഗ്യം നമുക്കാക്കും വരാതിരിക്കട്ടെ. കിട്ടുന്ന ഓരോ വിനാഴികയെക്കുറിച്ചും നാം കൽക്കശമായ കണക്കുകൊടുക്കേണ്ട ഒരു ദിവസംവരും. നഷ്ടപ്പെട്ടുന്തിയ സമയത്തെക്കുറിച്ചും അന്നു നാം പരിതപിക്കും. ഹാ! ഒരു വിനാഴികകൂടെ കിട്ടിയെങ്കിൽ! എന്നാഗ്രഹിക്കും. പക്ഷെ അന്നു യാതൊരു ഫലവും ഉണ്ടാവുകയില്ല. എന്നാൽ ഇപ്പോൾ എല്ലാം പരിഹരിക്കുന്നതിനു നമുക്കു സമയമുണ്ടു. അതിനാൽ വേണ്ടതു ഉടനെ ചെയ്തുകൊള്ളുക. ഒരു നിമിഷംപോലും മേലാൽ നഷ്ടമാക്കയില്ലെന്നും ഓരോക്ഷണവും ഏറ്റവും ഫലപ്രദമായി ഉപയോഗിച്ചുകൊള്ളാമെന്നും പ്രതിജ്ഞചെയ്യുക. *

എന്റെ ഈശോയുടെ പരിശുദ്ധഹൃദയമേ, നിന്നെ സ്നേഹിക്കുന്നതിനും മറ്റുള്ളവരെക്കൊണ്ടു നിന്നെ സ്നേഹിപ്പിക്കുന്നതിനുംവേണ്ടി നല്ലപ്പെട്ട വിലയേറിയ ഇത്ര വളരെ സമയം നഷ്ടമാക്കിയതിനെക്കുറിച്ചു മനസ്താപപ്പെട്ടു ഞാൻ ക്ഷമായാചനം ചെയ്യുന്നു. നഷ്ടപ്പെട്ട സമയത്തെ വീണ്ടെടുക്കുന്നതിനു അവസരമുള്ളതിനാൽ നിനക്കു ഞാൻ സ്തോത്രം ചെയ്യുന്നു. അങ്ങനെ അതു വീണ്ടെടുക്കുവാൻ അവിടുന്നുതന്നെ എന്നെ സഹായിക്കണമെ. എന്റെ നല്ല അമ്മേ, നീയും ഇതിൽ എനിക്കു തുണയായിരിക്കണമെ.

---

* വി. അൽഫോൻസ്ലിഗോരി ഈദൃശമായ ഒരു വാഗ്ദാനം ചെയ്തു. 70 വഷ്ത്തോളം ദീർഘിച്ച അദ്ദേഹത്തിന്റെ ആയുഷ്കാലം മുഴുവൻ അതിൽ വിശ്വസ്തനായിരുന്നു.

രണ്ടാം ധ്യാനം.

സമയത്തിന്റെ ശരിയായ ഉപയോഗം

രൂപീകരണം:- നസ്രത്തിലെ ഭവനത്തിൽ ഈശോ ഓരോരൊ സധാരണജോലികൾ ചെയ്തുകൊണ്ട് ദീഘനാൾ അജ്ഞാതവാസം കഴിക്കുന്നതു കാണുന്നതായി രൂപീകരിക്കുക.

അഭ്യർത്ഥന:- സമയത്തിന്റെ ശരിയായ ഉപയോഗം എന്തെന്നു ഈശോയുടെ മാതൃകയിൽനിന്നു പഠിക്കുന്നതിനു വേണ്ട സഹായം പ്രാർത്ഥിക്കുക.

ധ്യാനം:- സമയത്തിന്റെ ശരിയായ ഉപയോഗം ദൈവത്തിനുവേണ്ടിയുള്ളതു് മാത്രമാണു്. അധികം ചെയ്യുന്നതിലൊ വലിയ കാര്യങ്ങൾ നിർവ്വഹിക്കുന്നതിലൊ അല്ലാ അതു് അടങ്ങിയിരിക്കുന്നതു്. ദൈവത്തിനുവേണ്ടിയല്ലാതെ നാം എത്ര അധികം ബുദ്ധിമുട്ടിയാലും എത്ര വലിയ കാര്യങ്ങൾ ചെയ്താലും എത്രഅധികം ലൌകികാദായം നേടിയാലും അവയ്ക്കായി വിനിയോഗിക്കുന്ന സമയം ശരിയായി ഉപയോഗിക്കുകയല്ല നഷ്ടപ്പെടുത്തുകയാണു് നാം ചെയ്യുന്നതു". വി. ബർണ്ണാർഡു പറയുന്നു "ദൈവത്തെക്കുറിച്ചു നീ ചിന്തിക്കാതിരുന്ന സമയം മുഴുവൻ നീ നഷ്ടപ്പെടുത്തിയെന്നു വിചാരിച്ചുകൊള്ളുക." ദൈവത്തിന്റെ വർദ്ധമാനമായ സ്തുതിക്കും നമ്മുടെ പുണ്യപൂർണ്ണതയ്ക്കും ആത്മാക്കളുടെ രക്ഷക്കും ഉപകരിക്കാത്ത സമയവിനിമയം ഒട്ടും ശരിയായ പ്രയോഗമല്ല. ശരിയായ ഉപയോഗത്തിന്റെ മാനദണ്ഡം ദൈവഹിതമാണു്.

പൂമേ കാണാത്തതായി ഒരാൾ ഒന്നും ചെയ്യുന്നില്ലെങ്കിൽ അയാൾ സമയം നഷ്ടപ്പെടുത്തുന്നു എന്നു പറയുന്ന മനുഷ്യർ ലോകത്തിൽ ഇന്നു ധാരാളം ഉണ്ടു. സന്യാസികളുടെ ഇടയിൽപോലും ഇങ്ങനെയുള്ളവരെ കാണുന്നതിനു ഇടയാകുന്നെങ്കിൽ അതു പരിതാപകരംതന്നെ. നമ്മുടെ ദിവ്യരക്ഷകന്റെ സുദീർഘമായ അജ്ഞാതവാസം ഒരുപക്ഷെ അവരുടെ ദൃഷ്ടിയിൽ സമയത്തിന്റെ ദുരുപയോഗമായിരിക്കും. എന്നാൽ അവിടുന്നു ആ കാലഘട്ടമത്രയും തന്റെ പരസ്യ ജീവിതകാലംപോ

ലെതന്നെ ഏറ്റവും നന്നായി ഉപയോഗിച്ചു. എന്തെന്നാൽ, "പിതാവിനു പ്രസാദിച്ചതു്" താൻ എന്നും ചെയ്തിരുന്നു. ജീവിതകാലത്തു വലിയ കാര്യങ്ങൾ ചെയ്യുന്നതിനുള്ള അവസരം എല്ലാവർക്കും ലഭിച്ചു എന്നു വരികയില്ല. എന്നാലും മിക്ക സന്യാസികൾക്കും സാധാരണ കൃത്യങ്ങളേ ചെയ്വാനുണ്ടാകയുള്ളു. പലരും പുറത്തു അധികം അറിയപ്പെടാതെ ജീവിക്കുന്നു. എന്താണു് അവർ ആശ്രമത്തിനുള്ളിൽ ചെയ്യുന്നതു്? അലസന്മാരായി സമയം കളയുന്നു എന്നു ലോകം അവരെ അപലപിക്കുന്നുണ്ടാവാം. എന്നാൽ അവർ ദൈവഹിതാനുവർത്തികളായി കാലയാപനം ചെയ്യുന്നുവെങ്കിൽ ലോകത്തിനു കാണത്തക്കതായി അവരിൽ ഒന്നുമില്ലെന്നിരുന്നാലും ഇതേപ്പറ്റി ഖേദിക്കാനില്ല. ഇവരാണു് സമയം ഏറ്റവും നന്നായി ഉപയോഗിക്കുന്നവർ. ഇതു ഗ്രഹിക്കുന്നതിനു വിശ്വാസവെളിച്ചം കൂടിയേകഴിയൂ. ലോകായതികന്മാക്കു് ഈതു ഗ്രഹിക്കാനെളുപ്പമല്ല.

നല്ല അറിവും സാമർത്ഥ്യവുമുള്ള ഒരു സന്യാസി രോഗം നിമിത്തമോ ശ്രേഷ്ഠന്മാരുടെ നിശ്ചയംകൊണ്ടോ തന്റെ വിശേഷസാമർത്ഥ്യമൊന്നും ഉപയോഗിക്കുന്നതിനിടയാകാതെ ആശ്രമത്തിനുള്ളിൽ പത്തോ പതിനഞ്ചോ വർഷം പറയത്തക്കതായി ഒന്നും ചെയ്യാതെ കഴിച്ചുകൂട്ടുന്നു എന്നു വിചാരിക്കുക. അദ്ദേഹത്തോളം അറിവൊ സാമർത്ഥ്യമൊ ഇല്ലാത്ത വേറൊരു സന്യാസിയാകട്ടെ ആ സമയംകൊണ്ടു അത്ഭുതാവഹമായി കർത്താവിന്റെ മുന്തിരിത്തോട്ടത്തിൽ വേലചെയ്തു പുരോഗമിക്കുന്നു. സഭയിൽ ഒന്നിനു പുറകെ ഒന്നായി ഉന്നത സ്ഥാനങ്ങളെല്ലാം അലങ്കരിക്കുന്നു: അജ്ഞാനികളുടെയും അകത്തോലിക്കരുടെയും ഇടയിലുള്ള പ്രസംഗത്തിന്റെയും മറ്റു പ്രവർത്തനങ്ങളുടെയും ഫലമായി വളരെ ആളുകൾ സത്യസഭയെ ആശ്ലേഷിക്കുന്നു. അവരുടെ എണ്ണവും അദ്ദേഹത്തിന്റെ പരിശ്രമത്തിന്റെ വിവരവും പത്രങ്ങളിൽ പ്രസിദ്ധംചെയ്യുകാണുന്നു. എന്നാൽ ഈ അദ്ധ്യാനങ്ങളിൽ ദൈവഹിതത്തിനു വലിയ സ്ഥാനംകല്പിക്കുന്നില്ലെങ്കിൽ ഇയാളുടെ സമയത്തിന്റെ ഉപയോഗം നന്നല്ല. മറ്റെയാൾ കാണത്തക്കതായി ഒന്നും ചെയ്യുന്നില്ലെങ്കിലും ദൈവചിത്തത്തിനുകീഴ്പ്പെട്ടു ജീവിക്കുന്നെങ്കിൽ അയാൾ സമയം ഏറ്റവും നന്നായി ഉപയോഗിക്കുന്നുവെന്നു പറയാം. ഈ തത്വം നാം നന്നായി മനസ്സിലാക്കിയിരിക്കേണ്ടതാണു്.

ഏതാണ് സമയത്തിന്റെ ശരിയായ ഉപയോഗം ഏതാണ് തെറ്റായ ഉപയോഗം എന്നു വിവേചിച്ചറിയാത്തതുകൊണ്ടു സന്ന്യാസികൾപോലും പല വ്യാമോഹങ്ങളിൽ കുടുങ്ങുന്നു! വളരെ സമയം വ്യർത്ഥമാക്കുന്നു! ശക്തി നഷ്ടപ്പെട്ടുത്തുന്നു! ദൈവത്തെ മാത്രം നോക്കി ദൈവത്തിനുവേണ്ടിമാത്രം ജീവിക്കുന്നവർ ഒരു നിമിഷംപോലും നിരുപയോഗപ്പെടുത്താതെ ഏറ്റം നന്നായി ഉപയോഗിക്കുന്നു. ചുരുങ്ങിയ സമയംകൊണ്ടു അധികം ചെയ്യുന്നവർ ഇവരാണ്. വി. സ്തനിസ്ലാവോസ് 18 വയസ്സിലും, വി. ഖക്കുമാൻസ് 23 വയസ്സിലും, ളയീസ് ഗൊറിയേൽ, കൊച്ചുത്രേസ്യ എന്നി വിശുദ്ധർ 24 വയസ്സിലും ഈലോകവാസം വെടിഞ്ഞു. ഈ ചുരുങ്ങിയ കാലംകൊണ്ടു എത്രവലിയ കാര്യമാണ് അവർ നിവ്വഹിച്ചതു? ലോകത്തിനു കാണത്തക്കതായി അവർ ഒന്നും ചെയ്തിരുന്നില്ല. അവർ ലോകത്തിലുണ്ടെന്നു അന്നത്തെ ലോകം അറിഞ്ഞിരുന്നതേയില്ല. അവരെ അറിഞ്ഞിരുന്നവർ തന്നെയും ഒരുപക്ഷെ അവർ ആത്മമതിൽക്കുള്ളിൽ സമയം നഷ്ടപ്പെട്ടുത്തുന്നു എന്നായിരിക്കാം വിചാരിച്ചിരുന്നതു. എന്നാൽ ഇന്നു അവർ ഏറ്റം വലിയ കാര്യങ്ങൾ സാധിച്ച മഹാന്മാരുടെ ഗണത്തിലായിരിക്കുന്നു.

മിശിഹാ കഴിഞ്ഞാൽ ലോകം ഭരിച്ചിട്ടുള്ളവരിൽ ഏറ്റം വലിയ വ്യക്തി പരിശുദ്ധ കന്യകമറിയം ആണ്. എന്നാൽ അവിടുത്തെ ജീവിതത്തിൽ വിശേഷവിധിയായി നാം എന്തുകാണുന്നുണ്ടു? വെറും സാധാരണ ജീവിതം. അടുത്തസ്ഥാനം വി. യൗസേപ്പിതാവിനാണ്. അദ്ദേഹവും ഒരു സാധാരണ തൊഴിലാളിമാത്രം. രണ്ടുപേരും ഭീഷ്മനാം ലോകത്തിൽ ജീവിച്ചു. പറയത്തക്കതായ എന്തെങ്കിലും ചെയ്യു എന്നു അന്നു ലോകത്തിനു തോന്നിപ്പെട്ടിരുന്നില്ല. ലോകം അറിയാതെ അവർ ലോകത്തിൽക്കൂടെ അങ്ങു കടന്നുപോയി. ലോകത്തിന്റെ ദൃഷ്ടിയിൽ അവർ നിസ്സാരന്മാർ. ഒന്നും ചെയ്യാത്തവർ. സമയത്തെ ശരിയായി ഉപയോഗിക്കുന്നതിനു അവസരം ലഭിക്കാത്ത പാവങ്ങൾ! എന്നാൽ ദൈവത്തിന്റെ തൃക്കണ്ണുകളിലോ, അവരെക്കാൾ വലിയവർ ഉണ്ടായിട്ടില്ല. അവരിൽനിന്നു സമയത്തിന്റെ ശരിയായ ഉപയോഗം ഏതെന്നു നാം പഠിക്കണം. ഈ വിഷയത്തിൽ വലിയ തെറ്റിദ്ധാരണ ഉണ്ടായിട്ടില്ലയൊ എന്നു ആലോചിച്ചു നോക്കുക.

പ്രാപ്തി അനുസരിച്ചുള്ള ജോലി കിട്ടുന്നില്ലാ അഥവാ പ്രത്യേകജോലികളൊന്നും ഏല്പിക്കപ്പെട്ടിട്ടില്ല എന്നിങ്ങനെ സങ്കടപ്പെടുന്നുണ്ടോ? നന്മനസ്സുണ്ടെങ്കിൽ വേറെ ആരെയും ആശ്രയിക്കാതെ ദൈവം നൽകുന്ന സമയത്തെ ഏറ്റം നന്നായി ഉപയോഗിക്കുവാൻ നമുക്കു സാധിക്കും. ദൈവം നമ്മിൽ നിന്നാവശ്യപ്പെടുന്നതു് മാത്രം ചെയ്താൽമതി. കൂടുതൽ ഒന്നും ആഗ്രഹിക്കുകയോ അന്വേഷിക്കുകയോ വേണ്ട. ഒന്നും നമ്മോടാവശ്യപ്പെടുന്നില്ലെങ്കിൽ ഒന്നും ചെയ്യേണ്ട. അതാണു് സമയത്തിന്റെ ശരിയായ ഉപയോഗം. പക്ഷെ, ഇവിടെ ഒരു കാര്യം നാം നന്നായി ഗ്രഹിച്ചിരിക്കേണ്ടതുണ്ടു്, സമയത്തിന്റെ ഉപയോഗം ശരിയാകണമെങ്കിൽ സമയത്തെ വിനിയോഗിക്കുന്ന ആൾ ദൈവപ്രസാദവരസ്ഥിതിയിലായിരിക്കണം. അയാൾ ചെയ്യുന്ന പ്രവൃത്തി ദൈവത്തിനിഷ്ടമുള്ളതും തദവസരത്തിൽ ദൈവം ആവശ്യപ്പെടുന്നതുമായിരിക്കണം. അങ്ങനെതന്നെ ദൈവം ആഗ്രഹിക്കുന്നവിധത്തിൽ അതു നിവ്വഹിക്കപ്പെടേണ്ടിയുമിരിക്കുന്നു. ഇവിടെ നമ്മെ നന്നായി നാം പരിശോധിക്കുന്ന പക്ഷം അറിഞ്ഞും അറിയാതെയും അനാവശ്യ വ്യാമോഹങ്ങളിൽ നാം അകപ്പെട്ടുപോകുന്നുണ്ടെന്നും പലപ്പോഴും പലതിലും ദൈവത്തിനു വേണ്ടി അധികം ചെയ്യണമെന്നുള്ളതിനെക്കാൾ സ്വന്തഇഷ്ടം സാധിക്കണമെന്നുള്ളതാണു് യഥാർത്ഥലക്ഷ്യമെന്നും കാണാവുന്നതാണു്. ഇതേപ്പറ്റിമനസ്സുപിച്ചു ലോകായതികമായ ആശയഗതി തിരുത്തുക. എന്റെ ദൈവമേ, എല്ലാസമയത്തും അങ്ങേ തിരുമനസ്സിനോടു യോജിച്ചു പ്രവൃത്തിക്കുന്നതിനു എനിക്കു നീ കൃപചെയ്യണമെ. കടന്നുപോകുന്ന ഓരോ ക്ഷണത്തിലും അങ്ങേ കാണുന്നതിനുവേണ്ട വിശ്വാസ ചൈതന്യം എന്നിൽ വർദ്ധിപ്പിക്കണമെ. അങ്ങേയ്ക്കുവേണ്ടി ചെയ്യുന്ന ചെറിയ കാര്യങ്ങളും നിസ്സാരങ്ങളല്ലെന്നു എന്നെ പഠിപ്പിക്കണമെ. മേലാൽ ഏറ്റം ചെറിയ കാര്യങ്ങൾകൂടെയും അങ്ങേയ്ക്കു പ്രസാദകരമാം വണ്ണം ചെയ്യ ഓരോ നിമിഷവും ഫലപ്രദമാക്കുന്നതിനു ശ്രമിച്ചുകൊള്ളാമെന്നു പ്രതിജ്ഞചെയ്യുന്നു. ഈശോ മറിയം യൗസേപ്പേ നസ്രത്തിലെ നിങ്ങളുടെ ജീവിതം അനുകരിക്കുന്നതിനു സഹായിക്കണമെ.

മൂന്നാം ധ്യാനം.

സമയം ശരിയായി ഉപയോഗിക്കുന്നതിനുള്ള ചിലമാർഗ്ഗങ്ങൾ

രൂപീകരണം:— എല്ലാവരേയും സ്നേഹിച്ചും, എല്ലാവരേയും സ്വീകരിച്ചും, എല്ലാവർക്കും നന്മചെയ്തും, സദുപദേശങ്ങൾ നൽകിയും, അത്യുത്സാഹത്തോടുകൂടി ഈശോ കടന്നു പോകുന്നതു് കാണുന്നതായി സങ്കല്പിക്കുക.

അഭ്യർത്ഥന.:—സമയം ഒട്ടും നഷ്ടപ്പെടുത്താതെ ഏറ്റവും നന്നായി ഉപയോഗിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിച്ചു പ്രായോഗികമാക്കുന്നതിനു വേണ്ട അനുഗ്രഹം അപേക്ഷിക്കുക.

ധ്യാനം:— ഓരോ ദിവസവും ഓരോ വിനാഴികയും നമ്മുടെ അവസാനത്തേതാണെന്നു വിചാരിക്കുന്നതു്. സമയം ഏറ്റവും നന്നായി ചെലവഴിക്കുന്നതിനുള്ള ഒരു ഉത്തമ മാർഗ്ഗമാണ്. നമുക്കു ഓരോ നിമിഷം വീതം തരുന്ന ദൈവം അടുത്ത ക്ഷണം നമുക്കു തരുമോ എന്നു നിശ്ചയമില്ല. ഈ ക്ഷണം ഒരുപക്ഷെ നമ്മുടെ അവസാനത്തേതായിരിക്കാം. ജീവിതത്തിന്റെ അവസാനസമയം നന്നായി ചിലവഴിക്കുവാൻ ആഗ്രഹിക്കാത്തവർ ആരുമില്ലല്ലോ. കാരണം, മരണാനന്തരമുള്ള നമ്മുടെ സ്ഥിതിയും ജീവിതാന്ത്യവും തമ്മിൽ വലിയ ബന്ധമുണ്ട്. ഈദൃശമായ വിചാരം നമുക്കുണ്ടായിരുന്നാൽ നമ്മുടെ ജീവിതം ഏറ്റവും തീഷ്ണതയുള്ളതായിരിക്കും. അതുകയാൽ നിത്യതയ്ക്കു വേണ്ടി യാതൊന്നും കായ്മായിചെയ്യാട്ടില്ല എന്നുള്ള വിചാരത്തോടെ മരിക്കുവാൻ ഇടവരാതിരിക്കുന്നതിനുവേണ്ടി ഓരോ ക്ഷണവും ഓരോദിവസവും നമ്മുടെ അവസാനത്തേതായിരിക്കാമെന്നുള്ള വിചാരം മുൻനിർത്തി പ്രവർത്തിക്കാം.

ഒരു നിശ്ചിത സമയ വിവരപ്പട്ടിക അനുസരിച്ചു സമയം ചെലവിടുക എന്നതാണു് വേറൊരുമാർഗ്ഗം. ഇപ്രകാരം ചെയ്യാൽ നാം വിചാരിക്കുന്നതിൽ കൂടുതൽ കായ്മുകൾ നമുക്കു നിർവ്വഹിക്കുവാൻ സാധിക്കുമെന്നു പല വിശുദ്ധന്മാരുടെയും അനുഭവം വിളിച്ചറിയിക്കുന്നു. വി. അല്ഫോൻസു ലിഗോരിയുടെ ജീവിതം

ഇതിനു മകുടോദാഹരണമാണു്. നല്ല ശരീര സുഖമില്ലാത്ത ഒരാളായിരുന്നിട്ടും, നിരവധി ധ്യാനപ്രസംഗങ്ങളും ചെയ്യുക, ദീർഘനേരം പാപസങ്കീർത്തനം കേൾക്കുക, ഒരു സന്യാസ സഭയെ സ്ഥാപിച്ചു നടത്തുക, ഒരു ശ്രുപതയുടെ ഭരണഭാരം വഹിക്കുക അനവധി പുസ്തകങ്ങളും രചിക്കുക എന്നിങ്ങനെ പല വലിയ കാര്യങ്ങളും നിർവ്വഹിക്കുന്നതിനു അദ്ദേഹത്തിനു സാധിച്ചതു മുഖ്യമായി ഒരു കാര്യപരിപാടി അനുസരിച്ചു നിരന്തരം പരിശ്രമിച്ചതുകൊണ്ടാണു്. ചിതറിപ്പോകുന്ന നമ്മുടെ ശക്തിയെ അതു കേന്ദ്രീകരിക്കുന്നു. നമ്മുടെ സ്ഥലകാലസാഹചര്യങ്ങളും അനുസരിച്ചു വേണ്ട ആലോചനയുടെ ശേഷം ശ്രുപവൽക്കരിച്ചു കാര്യപരിപാടി അഭംഗമായി പാലിക്കുന്നതിനുള്ള ഒരു ദൃഢനിശ്ചയവും നമുക്കുണ്ടായിരിക്കണം. ഇതിൽനിന്നു കാര്യപരിപാടിക്കു ഒരിക്കലും ഭേദഗതി വരുത്തരുതെന്നു ഇവിടെ വിവക്ഷയില്ല. പ്രതൃത അനുസരണവും പരസ്നേഹവും ആവശ്യപ്പെട്ടപ്പോൾ വേണ്ടഭേദഗതിചെയ്യുന്നതു് വിവേകവും പുണ്യവുമത്രേ. മറിച്ചു പ്രവർത്തിക്കുന്നതു് അവിവേകവും ഉത്സാഹരാഹിത്യവുമാണു്.

സന്യാസികളായ നമ്മെ സംബന്ധിച്ചു പറയുകയാണെങ്കിൽ നമ്മുടെ പ. ന്യായ പ്രമാണവും ശ്രേഷ്ഠന്മാരുടെ നിർദ്ദേശവും അനുസരിച്ചു നിശ്ചിത സമയങ്ങളിൽ പല കാര്യങ്ങളും നാം നിർവ്വഹിക്കേണ്ടതായുണ്ടു്. ഇവയെല്ലാം ബാഹ്യവും ആന്തരികവുമായ പരിപൂർണ്ണതയോടുകൂടി ചെയ്യുശേഷം നമുക്കു ശേഷിച്ചിരിക്കുന്ന സമയത്തിനാണു് സ്വാതന്ത്ര്യ സമയമെന്നു നാം പറയുന്നതു്. അദ്ധ്യാപകവൃത്തി മുതലായ പ്രത്യേക ജോലികളും ഏല്പിക്കപ്പെടാത്ത സന്യാസികൾക്കു ഇങ്ങനെ സാധാരണ ദിവസങ്ങളിൽ എട്ടുമണിക്കൂറോളം കിട്ടുമെന്നു കണക്കാക്കാം. ഈ സമയവും ഉപകാരപ്രദമായി ചെലവിടുന്നതിനു, "ആരും മടിയായി കട്ടിലിന്മേൽ കിടക്കുകയൊ, ആശ്രമത്തിൽ വിശ്രമമായി ഇരിക്കുകയൊ, ചെയ്യുന്നതിനു, ശ്രേഷ്ഠന്മാർ അനുവദിക്കരുതു്". പിന്നയൊ, എല്ലാവരും മുറിക്കകത്തൊ, പുറത്തൊ ഉപകാരമുള്ള വല്ല വേലകളെ ചെയ്യുകൊണ്ടിരിക്കുന്നതിനു ജാഗ്രത വെക്കണമെന്നും, കത്താവിങ്കൽ കൊള്ളാമെന്നു തോന്നുന്നതുപോലെ, ഓരോരുത്തനു അശ്രുപിക്കടുത്തതോ, ശാസ്ത്രത്തിനടുത്തതോ, ശരീരത്തിനടുത്തതോ, ആയിട്ടുള്ള വേലകളും നിശ്ചയിച്ചുകൊടുക്കണമെന്നു് നാം

കല്പിക്കുന്നു." എന്നു നാ. പാ. ന്യായപ്രമാണം അനുശാസിക്കുന്നു. ഈ നിർദ്ദേശാനുസരണം ഓരോരുത്തന്റെ വാസനയും കഴിവു കളുമനുസരിച്ചു ഓരോരുത്തനും ഓരോ ജോലി ഏല്പിക്കപ്പെടേണ്ടതാണു്. ഏല്പിക്കപ്പെടുന്ന ആ ജോലികൾ കായ്ക്ഷമമായി നിർവ്വഹിക്കുന്നതിനു വേണ്ട പ്രോത്സാഹനങ്ങൾകൂടി ഉണ്ടായാൽ ഒന്നും ചെയ്യുന്നതിനു സാധിക്കുകയില്ലെന്നു വിചാരിക്കുന്നവർപോലും ധാരാളം വേലചെയ്യുകയും സമയം നന്നായി വിനിയോഗിക്കുകയും ചെയ്യുമെന്നു കാണാവുന്നതാണു്. ഇങ്ങനെ സമയം ഫലപ്രദമായി ചെലവിടുന്നതിനു സമയവിവരപ്പട്ടിക വളരെ സഹായമായിരിക്കും.

എന്നാൽ ഇപ്രകാരം പ്രത്യേക ജോലികൾ ഏല്പിക്കപ്പെട്ടിട്ടില്ലെങ്കിൽതന്നെയും നമുക്കു മനസ്സുണ്ടെങ്കിൽ സമയം നഷ്ടപ്പെടുത്താതെ ഉപകാരപ്രദമായ പല സംഗതികൾക്കും അതു വിനിയോഗിക്കാവുന്നതും അങ്ങനെ ചെയ്യേണ്ടതുമാണു്. ഇവയിൽ ചിലതു താഴെ കുറിക്കുന്നു.

1. ഒരു വൈദികനു ഒഴിച്ചുകൂടാത്ത ദൈവശാസ്ത്രം, സന്മാർഗ്ഗശാസ്ത്രം ആദ്ധ്യാത്മികശാസ്ത്രം (Ascetic & mystic Thelogy) തിരുസ്സഭാ നിയമങ്ങൾ, ദിവ്യകർമ്മാനുഷ്ഠാനവിധികൾ, തിരുസ്സഭാ ചരിത്രം മുതലായവയുടെ പഠനം തുടർന്നുകൊണ്ടിരിക്കുക. എന്തെന്നാൽ പത്തോ പന്ത്രണ്ടോ വർഷത്തെ വൈദിക വിദ്യാഭ്യാസം ഇതിനു പൂർണ്ണമായി മതിയാവുകയില്ല. ഒരു വൈദികൻ എന്നും പഠിച്ചുകൊണ്ടിരിക്കണം.

2. നമ്മുടെ വൈദിക ജോലി ഫലപ്രദമാകുന്നതിനു ജനങ്ങൾക്കു നമ്മളോടു മതിപ്പുണ്ടായേകേണ്ടതാകയാൽ അതിനു സഹായിക്കുന്ന ലൗകിക ശാസ്ത്രങ്ങളിലും സാമാന്യമൊരു നല്ല ജ്ഞാനം സമ്പാദിക്കുന്നതിനു ശ്രമിക്കേണ്ടതാണു്.

3. വായിച്ചും ചിന്തിച്ചും ആശയങ്ങൾ വർദ്ധിപ്പിക്കുന്നതിനും, ആശയങ്ങളെ നവീന രൂപങ്ങളിൽ ഹൃദയാകർഷകമായ വിധത്തിൽ അന്യർക്കു പ്രദാനം ചെയ്യുന്നതിനും, ആധുനിക പ്രശ്നങ്ങളെ നല്ലവണ്ണം പഠിച്ചു തിരുസഭയുടെ ആശയം അനുസരിച്ചു അവക്കു ശരിയായ സമാധാനം നൽകുന്നതിനും ഒരു പട്ടക്കാരൻ

എപ്പോഴും തയ്യാറായിരിക്കേണ്ടതാണ്.

4. ഒരു പട്ടക്കാരന്റെ ജോലികളിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്ന ദിവ്യബലി, കാനോനികജപം, കൂദാശകൂശ്രൂഷാ, ഓപ്പീസ് മുതലായ ഔദ്യോഗിക പ്രാർത്ഥനകൾ വേണ്ടവിധം നടത്തുന്നതിനു ആവശ്യമായ സുറിയാനി ഭാഷാജ്ഞാനം വർദ്ധിപ്പിക്കുന്നതിനുള്ള സമയവിനിയോഗവും സ്തുത്യർഹമായ ഒന്നാണ്.

5. സ്വാഭാവിക വാസനയും താല്പര്യവുമുള്ള ഏതെങ്കിലും ഒരു വിഷയത്തിൽ കൂടുതൽ വ്യൽപത്തി സമ്പാദിക്കുന്നതിനു ശ്രമിക്കുന്നതും ഉപകാരപ്രദമായ ഒരു സമയ വിനിയോഗമാണ്.

എന്നാൽ എല്ലാവർക്കും എപ്പോഴും മേല്പറഞ്ഞ കാര്യങ്ങളിൽ സമയം വിനിയോഗിക്കുവാൻ സാധിച്ചെന്നു വരികയില്ല. ഇങ്ങനെയുള്ളവർക്ക് പോലും ദേവാലയവും, ആശ്രമവും പരിസരങ്ങളും വൃത്തിയായി സൂക്ഷിക്കുക, ദേവാലയ അലങ്കാരത്തിനു ആവശ്യമായവ ചെയ്യുക, അൾത്താരക്കുവേണ്ടി പൂച്ചെടികൾ നട്ടുവളർത്തുക, പീഠങ്ങളിൽ പുഷ്പങ്ങൾ ചാർത്തുക, എന്നിങ്ങനെ ഉപകാരപ്രദമായ പലതും നമ്മുടെ മുൻഗാമികളിൽ ചിലർ കാണിച്ചു തന്നിട്ടുള്ള സുകൃത ദൃഷ്ടാന്തമനുസരിച്ചു ചെയ്യാവുന്നതാണ്.

നമ്മുടെ നിയമപ്രകാരം നടത്തേണ്ട ഭക്താഭ്യാസങ്ങൾക്കു പുറമെ വി. കുർബാനയെ സന്ദർശിക്കുന്നതിനും, ആരാധനകഴിക്കുന്നതിനും, തിരുപ്പാതകൾ നടത്തുന്നതിനും, പ്രായശ്ചിത്തങ്ങൾ ചെയ്യുന്നതിനും ഉള്ളിൽ വസിക്കുന്ന സ്നേഹനാഥനോട് ഇടയ്ക്കിടക്കു സ്നേഹസംഭാഷണം ചെയ്യുന്നതിനും സുകൃതജപങ്ങൾ ചൊല്ലുന്നതിനും ആർക്കാണ് കഴിയാതെയുള്ളത്?

ഇവയെല്ലാം ഒരു നിശ്ചിത പരിപാടിയോടുകൂടി ചെയ്യുവാനും ശ്രദ്ധയുണ്ടായാൽ സമയം നഷ്ടപ്പെടുകയില്ല. ഇവക്കു പുറമെ അവിടെയും ഇവിടെയുമായി നമുക്കു പലപ്പോഴായി ലഭിച്ചുകൊണ്ടിരിക്കുന്ന ചില്ലറസമയങ്ങളും ഉദാഹരണമായി മുറിയിൽനിന്നു പള്ളി, പ്രാർത്ഥനാലയം മുതലായ സ്ഥലങ്ങളിലേക്കുപോകുന്ന സമയം, യാത്രക്കു ബസ്സുകാത്തുനില്ക്കുന്നസമയം, വാഹനത്തിലൊന്നടന്നൊടെയുള്ള യാത്രാസമയം ഇവയെല്ലാം

ഏറ്റവും നന്നായി ഉപയോഗിക്കുന്നതിനു സമയത്തിന്റെ വില മനസ്സിലാക്കീട്ടുള്ളവർ മാത്രങ്ങൾ കണ്ടെത്തും. *

എന്റെ ഈശോയുടെ തിരുഹൃദയമെ, സമയം ഏറ്റവും നന്നായി ഉപയോഗിക്കുന്നതിനു ഇതുയേറെ മാത്രങ്ങൾ ഉണ്ടായിരുന്നിട്ടും അവയെ ഞാൻ വേണ്ടുവോളം ഉപയോഗിക്കാതിരുന്നതിനെക്കുറിച്ചു മനസ്താപപ്പെടുന്നു. "ആർക്കും വേലചെയ്യാൻ വയ്യാത്ത രാത്രിവരുന്നു." എന്നുള്ള അങ്ങേ തിരുവചനങ്ങളെ ഓർത്തു മേലാൽ ഒരു നിമിഷംപോലും ഞാൻ വ്യർത്ഥമാക്കുകയില്ലെന്നു പ്രതിജ്ഞചെയ്യുന്നു. സമയം നന്നായി വിനിയോഗിക്കുന്നതിനു അവിടുന്നു എനക്കു കാണിച്ചുതന്നിരിക്കുന്ന മാർഗ്ഗങ്ങളെ മുൻനിറുത്തി നിശ്ചിത കാര്യപരിപാടി അനുസരിച്ചു മേലാൽ പ്രവർത്തിച്ചുകൊള്ളാം. ഇതുവരെയുള്ള എന്റെ അവിശ്വസ്തതയേയും, സമയദുരുപയോഗത്തേയും ഹൃദയവേദനയോടുകൂടി ഏറ്റുപറയുന്നു. അങ്ങേസഹായത്താൽ ഇനി ഇങ്ങനെ സംഭവിക്കുകയില്ലെന്നു ഞാൻ ശരണപ്പെടുന്നു.

(സാധാരണ കൃത്യങ്ങളാൽ നിമിഷംപ്രതിവരപ്രസാദത്തിലും യോഗ്യതയിലും അഭിവൃദ്ധിവരുത്തുന്ന കൃപാപൂരിതയായ മാതാവെ സമയം ഏറ്റവും പരിപൂർണ്ണമായി ഉപയോഗിക്കുവാൻ നീ എനിക്കു സഹായമായിരിക്കേണമെ.

---

* ഒരു കോളേജു വിദ്യാർത്ഥി ഇങ്ങനെ എഴുതുന്നു. "ദിവസം തോറും ഒരു കാൽമണിക്കൂർ എനിക്കു ട്രാംവണ്ടിയിൽ യാത്രചെയ്യേണ്ടതായുണ്ടു. ഈ സമയത്തു വാഹനത്തിൽ എന്നോടുകൂടി യാത്രചെയ്യുന്ന ഓരോരുത്തർക്കുവേണ്ടിയും ഓരോ ആശകാ. നന്മ. ചൊല്ലുന്നതിനു ഞാൻ ശീലിച്ചിട്ടുണ്ടു. കച്ചവടസ്ഥലത്തു് ജനങ്ങളുടെ തിരക്കു നിമിത്തം എന്തെങ്കിലും വാങ്ങുവാൻ കുറെ സമയം കാത്തു നില്ക്കേണ്ടിവരുമ്പോഴും മറ്റും അവിടെ കാണുന്ന ഒരുത്തനുവേണ്ടി 'ഉന്നതങ്ങളിൽ ദൈവത്തിനു സ്തുതി, എന്ന ജപവും, വേറൊരുത്തനുവേണ്ടി ഒരു രാജകീയജപവും, വേറൊരാൾക്കു വേണ്ടി 'സ്രഷ്ടാവായ പരിശുദ്ധാത്മാവെ എഴുന്നള്ളിവരിക, എന്നജപവും, കൂടാതെ വളരെ അധികം നന്മ. വും ചൊല്ലുക വളരെ എളുപ്പമുള്ളതും നല്ലതുമാണ്." (R. Plus S. J. Christ in His brothren. P. 141.)

മനുഷ്യന്റെ ഐഹിക ജീവിതം--

അതിന്റെ വിജയം.

സമയത്തിന്റെ വിലയേയും അതിന്റെ ശരിയായ ഉപയോഗത്തേയും അതിനുള്ള ചില മാർഗ്ഗങ്ങളേയുംകുറിച്ചു നാം ധ്യാനിച്ചു. ഇപ്പോൾ അതിന്റെ ഫലത്തെക്കുറിച്ചു അഥവാ സമയത്തെ ശരിയായി ഉപയോഗിച്ചാൽ ഉണ്ടാകുന്ന വിജയത്തെക്കുറിച്ചു അല്പം ആലോചിക്കാം. "നിങ്ങൾ പ്രാപിച്ചിരിക്കുന്ന ദൈവകൃപ വ്യർത്ഥമായി തീരരുതു" എന്നു സഹായികൾ എന്ന നിലയിൽ നിങ്ങളോടു ഞങ്ങൾ അപേക്ഷിക്കുന്നു. സ്വീകരിക്കപ്പെട്ട സമയത്തു ഞാൻ നിനക്കു ഉത്തരം നൽകി, രക്ഷയുടെ ദിവസത്തിൽ ഞാൻ നിന്നെ സഹായിച്ചു എന്നു അവിടുന്നു അരുളിച്ചെയ്തിരിക്കുന്നു. ഇതാ! ഇപ്പോൾ സ്വീകരിക്കപ്പെട്ട സമയം! ഇതാ! ഇപ്പോൾ രക്ഷയുടെ ദിവസം." (II Cor. vi 1. 2.) എന്നിങ്ങനെ വി. പൌലോസ് കോരിന്തോസ്കാർക്കു എഴുതി. നമുക്കു ലഭിച്ചിരിക്കുന്ന ദൈവകൃപ, ആ പ്രകൃത്യതീതജീവൻ നമ്മിൽ ഫലശൂന്യമാകാതിരിക്കാൻ ശ്രമിക്കണമെന്നാണു് ഇവിടെ വി. പൌലോസു് ഉപദേശിക്കുന്നതു്. അതിനെ ഫലോദയംവരെ പരിപോഷിപ്പിക്കുന്നതിനും, വളർത്തുന്നതിനുമാണു് നമുക്കു സമയം നല്കപ്പെട്ടിരിക്കുന്നതു്.

"ഞാനാണു് നിങ്ങളെ തെരിഞ്ഞെടുത്തതു്. നിങ്ങളും പോയി ഫലങ്ങൾ ഉളവാക്കുവാനും നിങ്ങളുടെ ഫലങ്ങൾ നിലനിർത്തുവാനുമായി നിങ്ങളെ ഞാൻ നിയമിക്കുകയും ചെയ്തിരിക്കുന്നു." (Jo. xx. 16.) ധാരാളമായി ഫലം ഉളവാക്കുന്നതിനുവേണ്ടി നമ്മുടെ കർത്താവു പ്രത്യേകമായ വിധത്തിൽ തെരിഞ്ഞെടുത്ത ആ ചുരുക്കംപേരുടെ കൂട്ടത്തിൽ നമ്മളും ഉൾപ്പെടുന്നു. നമുക്കു നല്കപ്പെട്ടിരിക്കുന്ന സമയത്തിന്റെ അഥവാ ഐഹിക ജീവിതത്തിന്റെ ഉദ്ദേശ്യം അവിടുന്നു നമ്മിൽ നിക്ഷേപിച്ചിരിക്കുന്ന ആ കൃപാവരം ഏറ്റവും സമൃദ്ധമായ ഫലം ചെയ്യണമെന്നും ആ ഫലം നിലനില്ക്കുന്നതായിരിക്കണമെന്നും ആണു്.

ദൈവത്തിന്റെ അഭീഷ്ടം സാധിച്ചെങ്കിലെ നമ്മുടെ ജീവിതം വിജയത്തിൽ എത്തി എന്നു പറയാവൂ. സമയത്തിലുള്ള നമ്മുടെ ജീവിതത്തിന്റെ ഫലമായി സൗഭാഗ്യസംപൂർണ്ണമായ നിത്യതയിലെ ജീവിതം നമുക്കു കരഗതമാകണമെന്നാണ് ജീവദാതാവിന്റെ അഭീഷ്ടം.

ശൂന്യാവസ്ഥയിൽ നിന്നുദൈവം നമ്മെ തെരിഞ്ഞെടുത്തു അസ്തിക്യവും ചൈതന്യവും വിശേഷബുദ്ധിയും സ്വതന്ത്രമനസ്സും നൽകി. ശുദ്ധീകരണവരപ്രസാദമെന്ന സ്വഭാവാതീത ജീവൻകൂടി തന്നു നമ്മെ തന്റെ മക്കളായി ഉയർത്തി. ഈ നവജീവൻ നമ്മിൽ അതിന്റെ പൂർണ്ണ വളർച്ചപ്രാപിച്ചു ദൈവത്തിന്റെ മുമ്പിൽ നാം പുണ്യവാന്മാരായിത്തീർന്നു തന്നെ എന്നെന്നും അഭിമുഖമായി കണ്ടാനന്ദിക്കണമെന്നുള്ളതാണ് നമ്മെ സംബന്ധിച്ചു ദൈവത്തിന്റെ പ്ലാൻ. അതുകൊണ്ടു അവിടത്തെ തിരുച്ചിത്തം അതു ഗ്രഹിക്കാതെ എത്ര മഹൽക്കാര്യങ്ങൾ നാം നിർവ്വഹിച്ചാലും ലോകം എത്ര അവയെ സ്തുതിച്ചാലും, എത്ര വലിയ വിജയമെന്നു കാണപ്പെട്ടാലും, അതുകൊണ്ടു നമ്മുടെ ജീവിതം വിജയകരമായി എന്നു പറഞ്ഞുകൂടാ. മറിച്ച്, വിലയേറിയ നമ്മുടെ ജീവിതത്തെ അങ്ങനെ പാഴാക്കുകയായിരിക്കും, നാം ചെയ്യുന്നതു്.

"ദൈവത്തിന്റെ ഇഷ്ടം ഇതാകുന്നു. നിങ്ങളുടെ വിശുദ്ധി." (Thess IV 3.) എന്നു്, വി. പൌലോസ് എഴുതിയിരിക്കുന്നു. "നിങ്ങളുടെ സ്വർഗ്ഗീയപിതാവു പൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പൂർണ്ണരാകുവിൻ." (മ. V 18.) എന്നു നമ്മുടെ കർത്താവും ആജ്ഞാപിച്ചിട്ടുണ്ടു്. ഇതിലാണ് നമ്മുടെ ജീവിതവിജയം അടങ്ങിയിരിക്കുന്നതു്. അതു സാധിക്കുന്നതിനു വേണ്ടതെല്ലാം ദൈവം നല്കുന്നുണ്ടു്. അതു സാധിക്കണമെന്നും അതാണ് നമ്മുടെ സുപ്രധാനമായ കാര്യമെന്നും നമുക്കു ബോധ്യമാണു്. ഈ ലക്ഷ്യം കരുതിയതു നാം ജീവിക്കുന്നതു് എന്നാൽ ഈ പരമോദ്ദേശ്യം സാധിക്കാതെ നമ്മുടെ ജീവിതം ഫലശൂന്യമായി പോകുന്നെങ്കിൽ അതിന്റെ കാരണമെന്തു്? ഇലകളും നിറഞ്ഞും ഫലങ്ങളും ഇല്ലാതെയും ഇരുന്നതിനാൽ നാം കർത്താവു ശപിച്ച അത്തിവൃക്ഷംപോലെയല്ലെ നമ്മുടെ ജീവിതം? നല്ല വളമുള്ള ഭൂമിയിലായിരുന്നിട്ടും അതു ഫലശൂന്യമായിരിക്കുന്നതിന്റെ കാരണം കണ്ടുപിടിക്കേണ്ടതു തന്നെയാണു്.

നമ്മുടെ ബാഹ്യപ്രവർത്തനങ്ങളുടെ ജയാപജയങ്ങൾ മനുഷ്യർക്കു എളുപ്പത്തിൽ അനുഭവപ്പെടുന്നതിനാൽ അവയെക്കുറിച്ചു ആദ്യം ആലോചിക്കാം. സന്യാസ സഭകളുടെ ചരിത്രത്തിൽ ചിലപ്പോൾ കാണപ്പെടുന്ന ഒരു ആദ്ധ്യാത്മിക പ്രശ്നമാണ് അവരുടെ ബാഹ്യപ്രവർത്തനങ്ങളുടെ ഫലശൂന്യത. ഈ ദുരവസ്ഥയുടെ ഒരു പ്രധാനകാരണം വലിയ പുണ്യമൊന്നുംവേണ്ട, ഒരുമാതിരി നല്ലവരായിട്ടു ജീവിച്ചാൽമതി എന്നു സന്യാസികളിൽ പലരും വിചാരിക്കുന്നതാണ് (spiritual mediocrity) എന്നു ഫാദർ കീർണ്ണി (Kearney. C. S. Sp.) പറയുന്നു. ആത്മാക്കളുടെ പക്കലേക്കു ധാരാളം പ്രസാദവരത്തെ വഹിക്കുവാൻ അവർ യോഗ്യന്മാരല്ല. അതുകൊണ്ടു അവരുടെ സംരക്ഷണയിലുള്ള ആത്മാക്കൾ വിശുദ്ധീകരിക്കപ്പെടുന്നില്ല; അതു നന്നാകുന്നുമില്ല. വലിയ പുണ്യമൊന്നും വേണ്ട, ഒരുവിധം നല്ലവരായി ജീവിച്ചാൽ മതി, എന്നുള്ള മനസ്ഥിതി സന്യാസജീവിതത്തിനു നാശകാരണമാണ്. സന്യാസികളുടെ ഇടയിൽ കാണപ്പെടുന്ന ഏറ്റവും വലിയ തിന്മകളിൽ ഒന്നും ഏറ്റവും കൂടുതൽ ഭയപ്പെടേണ്ടതും ഈ മനസ്ഥിതിയത്രേ. അദ്ദേഹംതന്നെ തുടർന്നുപറയുന്നു.

"ഏതു സന്യാസ സമൂഹത്തിലും മൂന്നു തരക്കാരെ കാണാം; ചീത്തയായിട്ടുള്ളവരും ഉത്തമന്മാരും ഇടത്തരക്കാരും. സാക്ഷാൽ ചീത്തയായിട്ടുള്ളവർ ചുരുക്കമായിരിക്കും. സാക്ഷാൽ ഉത്തമന്മാരും അത്ര അധികം കാണാറില്ല. എന്നാൽ ഇടത്തരക്കാർ ധാരാളമുണ്ടാകും. ഈ ഇടത്തരക്കാർ ഒരു മാതിരിനല്ലവരാണെങ്കിലും അവർ അത്ര പുണ്യമായി ജീവിക്കുന്നവരൊ വിശുദ്ധന്മാരാകാൻ വലിയ ആഗ്രഹമുള്ളവരൊ അല്ല. ഇവരും പുണ്യവാന്മാരും തമ്മിൽ വലിയ വ്യത്യാസമുണ്ട്. പുണ്യവാനല്ലാത്ത സന്യാസി ദൈവപ്രമാണങ്ങളും വ്രതങ്ങളും സഭാനിയമങ്ങളും അനുസരിക്കേണ്ടതാണെന്നതന്നെപറയും. അയാളുടെ പ്രവർത്തനങ്ങൾക്കും ജീവിതത്തിനും ഇവ ഒരു പുറംകോട്ടയാണ്. ഈ കോട്ടയെ ഭേദിക്കുവാൻ അയാൾക്കു ആഗ്രഹമില്ല. എന്നാൽ അതിനുള്ളിൽ അയാളുടെ ഇഷ്ടാനിഷ്ടങ്ങളാൽ ഭരിക്കപ്പെടുവാൻ തന്നെത്തന്നെ എളുപ്പത്തിൽ വിട്ടുകൊടുക്കുന്നു. മാത്രമല്ല അയാളുടെ ഇഷ്ടാനിഷ്ടങ്ങൾ അങ്ങനെ പ്രേരിപ്പിക്കുന്നപക്ഷം ഒരനുവാദംവാങ്ങി പുറംകോട്ടയുടെ പരിധിയെ അല്പമൊന്നു മാറ്റിവെക്കുന്നതിനും ചിലപ്പോൾ ശ്രമി

ക്കും. ദൈവതിരുമനസ്സു നിറവേറുവാൻ മനസ്സുണ്ട്; എന്നാൽ അതിനുമുൻപു് ദൈവതിരുമനസ്സു് അയാളുടെ മനസ്സിലേക്കു് വളയ്ക്കുവാനാണു് ശ്രമം. അയാളുടെ ഇഷ്ടാനുസരണം ശ്രേഷ്ഠന്മാർ ആജ്ഞാപിക്കുന്നതിനുപോലും ഉപായങ്ങൾകണ്ടുപിടിക്കും. ചിലപ്പോൾ ഇഷ്ടംപോലെ കൊയ്ങ്ങൾ നടക്കാതിരുന്നാൽ ആവലാതി പറയുന്നതിനും പിറുപിറുക്കുന്നതിനും മടിയ്ക്കുകയില്ല. സാധാരണയിൽ കൂടുതലായി നടത്തേണ്ട വല്ല ജോലിയോ, വഹിയ്ക്കേണ്ട വല്ല ഭാരമോ, ഉണ്ടായാൽ അതിനു് അയാളായിരിയ്ക്കുകയില്ല ഒന്നാമത്തവനായി വരുക. അതിനു ചുമതലയില്ലല്ലൊ; ചുമതലയുണ്ടായിരുന്നെങ്കിൽ ഉപേക്ഷിക്കുകയില്ലായിരുന്നു എന്നു സമാധാനപ്പെട്ടും. ഈയാൾ തീരെ മോശക്കാരനല്ല; എന്നാൽ പുണ്യവാനല്ല; ഉത്തമ സന്ന്യാസിയുമല്ല. തെളിവായിപറയുകയാണെങ്കിൽ ബുദ്ധിമുട്ടുകൂടാതെ കഴിയണം; ആത്മാവിനെ രക്ഷിക്കുകയുംവേണം; ഇതാണു അയാളുടെ പ്ലാൻ. വേറെ വാക്കിൽ പറഞ്ഞാൽ, പലകാര്യങ്ങളിലും അയാളുടെ യഥാർത്ഥ ഉദ്ദേശ്യം ദൈവത്തെ പ്രസാദിപ്പിക്കണമെന്നല്ലാ, ദൈവത്തിനു് അതൃപ്തിവരുത്താതെ തന്നെത്തന്നെ പ്രസാദിപ്പിക്കണമെന്നുള്ളതാണു്. ദൈവത്തെ ഉപദ്രവിക്കുന്നതിനു മനസ്സില്ല. അവിടത്തെ ഉപദ്രവിക്കാതെ ഇഷ്ടംപോലെ നടക്കണം. നന്നായി ചിന്തിക്കാതെ ഇഷ്ടമുള്ള കൂട്ടങ്ങളെയും, സ്വന്തമനസ്സിനേയും ഒന്നാമത്തെ സ്ഥാനത്തു് അങ്ങു പ്രതിഷ്ഠിക്കുന്നു. എന്നിട്ടു് സ്വയപക്ഷത്തിന്റെ വഴിയിൽ ദൈവത്തിൽനിന്നും ഏറെ ദൂരെ പോകാതിരിപ്പാൻവേണ്ടിമാത്രം, സന്ന്യാസജീവിതത്തെ ഒരു നിയന്ത്രണമായിവയ്ക്കുന്നു.

ദൈവപ്രമാണങ്ങൾ അനുസരിക്കുവാൻ മനസ്സാണെന്നതന്നെ അയാൾ പറയുന്നു. എല്ലാം അനുസരിക്കുന്നുണ്ടെന്നാണു് ഭാവം. എന്നാൽ ഒന്നാമത്തേതുതന്നെ വിട്ടുകളഞ്ഞിരിക്കുന്നു. "നിന്റെ ദൈവമായ കർത്താവിനെ നിന്റെ പൂർണ്ണഹൃദയത്തോടുകൂടിയും നിന്റെ പൂർണ്ണആത്മാവോടുകൂടിയും നിന്റെ പൂർണ്ണമനസ്സോടുകൂടിയും നിന്റെ സർവ്വശക്തിയോടുകൂടിയും സ്നേഹിക്കണം; ഇതാകുന്നു ഒന്നാമത്തെ കല്പന." (Mc. XII 30.) ഈ കല്പനയുടെ അർത്ഥവ്യാപ്തി അയാളുടെ സ്വസ്നേഹത്തിന്റെ അടിയിൽ ഒതുങ്ങിപ്പോയി. അയാളുടെ മനസ്സിനെ ഉറപ്പായിട്ടും സ്ഥിരമായിട്ടും പുരുസഹജമായ പക്ഷത്തോടുകൂടിയും ദൈവതിരുമനസ്സിനോടു യോജിപ്പിക്കുന്നില്ല.

മേൽ പറഞ്ഞ വിധമുള്ള ഇടത്തരക്കാരനായ ഒരു സന്യാസിയും ഒരുത്തമ സന്യാസിയും തമ്മിലുള്ള വ്യത്യാസം ഒരു ഉദാഹരണംകൊണ്ട് അല്പംകൂടി വിശദമാക്കാം. രണ്ടു കൊമ്പുകൾ ചെത്തിച്ചെത്തു് കൂട്ടിക്കെട്ടിയോജിപ്പിച്ചിരിക്കുന്നതും, ഒന്നു മറെറാന്നിൽ 'ഒട്ടിച്ചു'യോജിപ്പിച്ചിരിക്കുന്നതും തമ്മിൽ താരതമ്യപ്പെടുത്തിനോക്കിയാൽ എത്രവലിയ വ്യത്യാസം കാണും! ആദ്യത്തെത്തിൽ രണ്ടും വളരെ അടുത്തിരിക്കുന്നു എന്നു മാത്രം. രണ്ടാമത്തേതിലാകട്ടെ, രണ്ടിൻെറയും ജീവൻ ഒന്നു്, ആദ്യത്തേതു നിർജ്ജീവയോജിപ്പു്, രണ്ടാമത്തേതു സജീവ ഐക്യം. ഏതാണ്ടു ഇതുപോലെയാണു് മേൽപറഞ്ഞ രണ്ടുതരം സന്യാസികളും തമ്മിൽ ഉള്ള വ്യത്യാസവും. ദൈവത്തിനു് നമ്മുടെ മേൽ സർവ്വാധിപത്യം ഉണ്ടെന്നു പരിപൂർണ്ണമായ ആത്മസമർപ്പണംകൊണ്ടു് ഉത്തമ സന്യാസി സമ്മതിക്കുന്നു. ദൈവത്തിനു് ഏററം പ്രസാദകരം ഏതെന്നാണു അയാളുടെ നോട്ടം. അവിടത്തെ പ്രസാദിപ്പിക്കണമെന്നല്ലാതെ അയാൾക്കു വേറെ വിചാരമേ ഇല്ല. "പിതാവിനു പ്രസാദിക്കുന്നതു് ഞാൻ എപ്പോഴും ചെയ്യുന്നു." (Jo. VIII 29.) എന്ന വാക്കുകൾ എപ്രകാരം മിശിഹായുടെ സ്വഭാവചിത്രം ആയിരുന്നുവൊ അപ്രകാരം അവ ഉത്തമ സന്യാസിയുടെയും സ്വഭാവചിത്രമാണു്. ഇവിടെയാണു് ഉത്തമ സന്യാസിയും സാധാരണ സന്യാസിയും തമ്മിലുള്ള വ്യത്യാസം. അവരുടെ ഉള്ളിലേക്കു കടന്നുനോക്കിയാൽ ഒരുത്തൻ സമാധാനത്തിൻെറ വഴിയിലും അപരൻ ഉൽക്കണ്ഠയുടെ വഴിയിലും നടക്കുന്നതായികാണാം. അവരുടെബാഹ്യപ്രവർത്തനങ്ങളെങ്കിൽ: വിശുദ്ധനായ സന്യാസിയുടെ പ്രവർത്തനങ്ങളുടെമേൽ ദൈവാശീർവ്വാദവും ദൈവപ്രസാദവരവും സമൃദ്ധിയായി ഒഴുകുന്നു. സാധാരണ സന്യാസിയുടെ വേലകളിലേയ്ക്കുള്ള വരപ്രസാദപ്രവാഹം അത്ര സമൃദ്ധിയല്ല. ഈ വ്യത്യാസമാണു് പ്രവർത്തനങ്ങളുടെ വിജയത്തിലും നാം കാണുന്നതു്. സന്യാസസഭകളുടെ പ്രവർത്തനങ്ങൾക്കു് കാണുന്ന ആത്മീയാത്മിക ഫലം സിദ്ധിക്കാതെ പോകുന്നെങ്കിൽ അതിൻെറ കാരണവും വേറെ തേടേണ്ടതില്ല."

മിക്ക സന്യാസസഭകൾക്കും എന്തെങ്കിലും ബാഹ്യപ്രവർത്തനം ഉണ്ടായിരിക്കുക ഇന്നു് സാധാരണമാണു്. തിരുസഭ വഴിയായി ദൈവം സന്യാസസഭക്കു് നൽകിയിരിക്കുന്ന ഒരു ജോലിയാണു" അതു്. അതിൽ ദൈവത്തിനുള്ള ഉദ്ദേശ്യം സഭാംഗങ്ങ

ളുടെ ഉപരി വിശ്വാസീകരണവും ആത്മാക്കളുടെ രക്ഷയും അല്ലാതെ ഒന്നുമല്ല. ജോലി എന്തുതന്നെയായിരുന്നാലും—വൈദികപരമായ പ്രസംഗം, കമ്പസാരം മുതലായവയോ, കുട്ടികളുടെ വിദ്യാഭ്യാസമോ, അനാഥ സംരക്ഷണമോ, രോഗശുശ്രൂഷയോ, മറ്റ് ഏതു വിധത്തിലുള്ള പരസേവനമോ എന്തുതന്നെയായാലും—അതിൽ ദൈവത്തിന്റെ നോട്ടം നമ്മുടെ വിശ്വാസിയും ആത്മാക്കളുടെ രക്ഷയുമാണ്. ഈ ജോലികളിൽ നമ്മുടെയും ലക്ഷ്യം ഇതുതന്നെയായിരിക്കണം. മേൽപ്രസ്താവിച്ച ഏതെങ്കിലും ജോലിവഴിയായി സഭയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന ആത്മാക്കളിലേക്ക് ധാരാളമായ ദൈവപ്രസാദവരം സഭാംഗങ്ങൾവഴിയായി പ്രവഹിക്കേണ്ടിയിരിക്കുന്നു. ഇതു സാധിക്കണമെങ്കിൽ സഭയുടെ ആഭ്യാത്മികജീവിതത്തോട് ഉയർന്തായിരിക്കാതെ തരമില്ല. അതായത് സഭാംഗങ്ങളിൽ ഭൂരിപക്ഷമെങ്കിലും വിശ്വാസന്മാരാകുവാൻ ആഗ്രഹിക്കുകയും അതിനുവേണ്ടി ഉറച്ച് ശ്രമിക്കുകയും ചെയ്യുന്നവരായിരിക്കണം. അല്ലാത്തപക്ഷം ദീഘ്നാൾ ജീവിച്ച് പലപല ജോലികൾ ചെയ്തിട്ട് ലോകത്തെ ഒട്ടും നന്നാക്കാതെ, വിദ്യാർത്ഥികളെ ഉത്തമ കത്തോലിക്കാ ചൈതന്യമുള്ള പൌരന്മാരാക്കാതെ, ജോലിയും കഴിഞ്ഞ് അവർ അങ്ങ് കടന്നുപോകും. വളരെ ബുദ്ധിമുട്ടും, എന്നാൽ ഫലം നാസ്തി. ഇങ്ങനെയുള്ളവരോട് ന. കർത്താവ് അരുളിച്ചെയ്യുന്നു. "നിന്റെ പ്രവൃത്തികളും, പ്രയത്നവും, ക്ഷമയും, ദുഷ്ടന്മാരെ നിനക്ക് സഹിച്ച് കൂടാത്തതും ഞാനറിയുന്നു. ശ്ലീഹന്മാരാകുന്നുവെന്ന് തങ്ങളെക്കുറിച്ചുതന്നെ പറയുകയും (അങ്ങനെ) അല്ലാതിരിക്കുകയും ചെയ്യുന്നവരെ നീ പരീക്ഷിച്ച് അവർ വ്യാജം പറയുന്നവരെന്നു കണ്ടു. നിനക്ക് ക്ഷമയുണ്ട്, എന്റെ നാമത്തെപ്രതി നീ സഹിച്ചു. നീ തളർന്നുപോയില്ല. എങ്കിലും നിനക്ക് വിരോധമായി എനിക്ക് (അല്പം പറയുവാൻ) ഉണ്ട്. നീ നിന്റെ ആദ്യസ്നേഹം വിട്ടുകളഞ്ഞു." (Apoc. II 2, 3, 4.)

ഓരോരോ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും സ്വകീയമായ വിജയവും ഫലപ്രാപ്തിയും ഉണ്ട്. എന്നാൽ സന്ന്യാസസഭകളുടെയും സന്ന്യാസികളുടെയും വിജയവും ഫലവും വിശ്വാസിയുടെതു. അതുതന്നെയാണ് ദൈവവും തിരുസഭയും എന്നുവേണ്ട ലോകം തന്നെയും ഒരു സന്ന്യാസ സഭയിൽനിന്നു പ്രതീക്ഷിക്കുന്നതും. അതുകൊണ്ടു സന്ന്യാസികളുടെ ഏതുതരം

പ്രവൃത്തികളുടെയും ഫലം വിജ്ഞാനത്തെയായിരിക്കണം. തങ്ങളിൽത്തന്നെയും മറ്റുള്ളവരിലും വിജ്ഞാനിയുടെ ഫലങ്ങളെ ഉല്പാദിപ്പിക്കാത്ത പ്രവർത്തനങ്ങളെല്ലാം നിരർത്ഥകങ്ങളും ഉപയോഗശൂന്യങ്ങളുമാണ്. ഒരു സന്ന്യാസ സഭയുടെ സാക്ഷാത്തായ അഭിവൃദ്ധിയും വിജയവും സ്ഥിതിചെയ്യുന്നതു് ബാഹ്യമായ അതിന്റെ വലിയ നേട്ടങ്ങളിലല്ല. പ്രത്യുത, അതിലെ സന്ന്യാസികളുടെ ആദ്ധ്യാത്മിക ജീവിതത്തിലുള്ള പുരോഗമനത്തിലത്രെ. അതേ, ആശ്രമങ്ങളിൽനിന്നും പരിസരങ്ങളിൽനിന്നും വിദ്യാലയങ്ങളിൽനിന്നും സകല പ്രവർത്തന രംഗങ്ങളിൽനിന്നും, പുണ്യസൗരഭ്യം വീശുന്ന എങ്കിൽ മാത്രമെ നമ്മുടെ ജോലിയും, ജീവിതവും വിജയം കൈവരിച്ചുയെന്നു പറയാവൂ. "വിശേഷമായ കുളിറബുകളും (Bath-tub) ഏലക്ട്രിക്ക് സിച്ചുകളും, ആഴമേറിയ തുരങ്കങ്ങളും, ഉയരം കൂടിയ ഹർമ്മ്യങ്ങളും, തന്നത്താൻ ഓടുന്ന വാഹനങ്ങളും, റേഡിയോകളും കൂടുതൽ ഉള്ളതുകൊണ്ടു ഒരു സംസ്കാരം ശ്രേഷ്ഠമായിരിക്കുന്നില്ല; പ്രത്യുത, കൂടുതൽ ഉത്തമ മനുഷ്യരെയും നൽകുന്ന എങ്കിൽ മാത്രമെ അതു ശ്രേഷ്ഠമായിരിക്കുകയുള്ളൂ." എന്നു മോൺസിഞ്ഞോർ ഷീൻ ഇന്നത്തെ സംസ്കാരത്തെപ്പറ്റി പറഞ്ഞിരിക്കുന്നതുതന്നെ കൂടുതൽ ന്യായത്താൽ ഒരു സന്ന്യാസ സഭയെക്കുറിച്ചും പറയാവുന്നതാണ്.

ആർസിലെ വികാരിഅച്ചന്റെ ഒരു ദിവ്യപൂജാപ്പണം മറ്റുള്ളവരുടെ അൻപതു ധ്യാന പ്രസംഗങ്ങളേക്കാൾ ഫലപ്രദമായിരുന്നുവെന്നു് പറയപ്പെടുന്നു. ഒരു സന്ന്യാസാശ്രമത്തിൽ വി. കൊച്ചുത്രേസ്യായെപ്പോലെ മിശിഹായ്ക്കു മുഴുവനായി ആത്മസമർപ്പണം ചെയ്യപ്പെട്ട ഒരാത്മാവുണ്ടെങ്കിൽ അതു മറ്റെല്ലാവരെയും ദിവ്യസ്നേഹാഗ്നിയിൽ എരിയിക്കുകതന്നെ ചെയ്യും. നമ്മെ സമീപിക്കുന്നവരെയെല്ലാം ദൈവസ്നേഹത്താൽ എരിയിക്കുന്നതിനുള്ള നാം തന്നെ ഈ സ്നേഹാഗ്നിച്ചൂളകളായിത്തീരാതെ ജീവിതവിജയം സാധിക്കുകയില്ല. ദൈവത്തിന്റെ താല്പര്യങ്ങളെ അത്ര ഗൗനിക്കാതെ സ്വന്ത താല്പര്യങ്ങളുടെ പിറകെ പോകുന്നതുകൊണ്ടാണ് നമ്മുടെ പ്രവർത്തനങ്ങളിൽ നാം പരാജിതരാകുന്നതു്. വിശ്വാസം ക്ഷയിച്ചും സന്മാർഗ്ഗം അധ:പതിച്ചും ഭയങ്കരമായ നാശഗർത്തത്തിലേക്കു ത്വരിതഗമനം ചെയ്യുന്ന ലോകത്തെ തിരിച്ചുവിടുവാൻ നമുക്കു സാധിക്കുന്നില്ല.

മിശിഹായുടേയും തന്റെ സഭയുടെയും ശത്രുക്കൾ മനുഷ്യരെ തിന്മയിലേക്ക് വലിച്ചുകൊണ്ടുപോകുന്നു. തിന്മ എല്ലായിടത്തും ശക്തിപ്രാപിച്ചുവരുന്നു. ഈ ദുരവസ്ഥയിൽ നമുക്ക് ഉത്തരവാദിത്വം ഒന്നും ഇല്ലെന്നൊ? ഇവയെ തടയുവാൻ എന്തുകൊണ്ട് നമുക്ക് സാധിക്കുന്നില്ല.? പ്രസംഗങ്ങളാലും, പ്രസിദ്ധീകരണങ്ങളാലും, വിദ്യാലയങ്ങൾ വഴിയായും ഈ ഭയങ്കര തിന്മയോട് നാം സമരം ചെയ്യുന്നുണ്ട്. ശരിതന്നെ. എന്നിട്ടും ഉൽക്കണ്ഠാജനകമായി തീർന്നിരിക്കുന്ന ഈ വിപൽ ഘട്ടത്തെ വിജയകരമായി തരണം ചെയ്യുവാൻ നമ്മെക്കൊണ്ട് ആകുന്നില്ല. നമ്മൾ വളരെ ചെയ്യുന്നുണ്ട്, എന്നാൽ സുപ്രധാനമായതു് വിസ്മരിച്ചുകളയുന്നു. ലോകത്തിൽ നടക്കുന്ന തിന്മകളെക്കുറിച്ച് വിലപിച്ച് ന. കർത്താവിനോട്; "കർത്താവെ, എന്ന് ഈ തിന്മകളുടെ പ്രളയം അവസാനിക്കും?" എന്ന് ചോദിച്ച ഒരു സന്യാസാത്മാവിനോട് കർത്താവ് പറഞ്ഞതു്, "നീ മനസ്സാകുന്ന ക്ഷണത്തിൽ" എന്നാണു്. അതിൽ വിസ്മയം കാണിച്ചപ്പോൾ മിശിഹാ പറഞ്ഞ വാക്കുകൾ കേട്ടാലും. "അതെ നീ ഒരു വിശുദ്ധയായിരുന്നെങ്കിൽ തിന്മകളുടെ ഈ പ്രവാഹത്തെ നിനക്ക് തടയാമായിരുന്നു. ഞാൻ നിന്നെ ഒരു സ്നേഹവധുവായിരിക്കുവാൻ തിരിഞ്ഞെടുത്തു. നീയോ എന്നാൽ ഇപ്പോഴും ഒരു സാധാരണ ത്രൃശ്രൂഷകമാത്രമെ ആയിട്ടുള്ളൂ. പട്ടണവീഥികൾ നിറയ്ക്കുവാൻമാത്രം ഈ വിധ സന്യാസികൾ എനിക്കുണ്ട്, പുണ്യവാന്മാരുടെ അഭാവത്താൽ ലോകം നാശഗർത്തത്തിലേക്ക് ത്വരിതഗമനം ചെയ്യുന്നു." നാം വിശുദ്ധന്മാരാകാതെ ലോകത്തെ നന്നാക്കുവാൻ നമുക്ക് ഒരിക്കലും സാധിക്കുമെന്ന് വിചാരിക്കേണ്ട. ലോകോദ്ധാരകനായ ദൈവസുതൻതന്നെ വീണ്ടും നാം ഏവരിലും അവതാരം എടുക്കണം. നാം ഓരോരുത്തരും പാവന ജീവിതം വഴിയായി ഓരോ മിശിഹാതന്നെയായിത്തീർന്നാൽ തിന്മയെ തടയുന്നതിനും നന്മയെപ്പരോഗമിപ്പിക്കുന്നതിനും, സാധിക്കും. അപ്പോൾ മാത്രമേ നമ്മുടെ ജീവിതവും പ്രവർത്തനങ്ങളും വിജയശ്രീലാളിതങ്ങളാവുകയുള്ളൂ. പുണ്യ ജീവിതത്താൽ എത്രയധികം മിശിഹായോട് നാം ചേർന്നിരിക്കുമോ, എത്രയധികം മിശിഹാതന്നെ നമ്മിൽ പ്രവർത്തിക്കുന്നതിനു് ഇടയാകുമോ, എത്രയധികം "ഞാൻ അല്ല മിശിഹാ എന്നിൽ ജീവിക്കുന്നു" എന്നു പറയാറാകുമോ, അത്രമാത്രമെ ഇന്നത്തെ ദുഷിച്ചലോകത്തെ വിജയകരമായി

നേരിടുവാൻ നമുക്കു സാധിക്കു. ഇന്നത്തെ ഏറ്റവും വലിയ ആവശ്യം വിശുദ്ധന്മാർ ആണെന്നു് പറഞ്ഞാൽ ലോകായതികന്മാർ ഒരുപക്ഷെ നമ്മെ പരിഹസിച്ചേക്കും. എന്നാൽ അതു് അനിഷേദ്ധ്യമായ ഒരു യാഥാർത്ഥ്യമാണു്. പണ്ഡിതനായ മോൺസിഞ്ഞോർ ഷീൻ (Mgr. F. J Sheen) അതു് അമേരിക്കയിൽനിന്നു് ഇക്കഴിഞ്ഞ യുദ്ധകാലത്തുതന്നെ പ്രക്ഷേപണംചെയ്തു. നമ്മുടെ ആധുനിക സ്ഥിതിഗതികളെ നല്ല പരിചയമുള്ള ഒരു മഹാത്മാവു് പറയുന്നു; "ഇന്നത്തെ ഏറ്റവും വലിയ ആവശ്യം പുണ്യവാന്മാരാണു്. പണ്ഡിതന്മാരും, പ്രാസംഗികന്മാരും സമർത്ഥന്മാരും, കായ്ക്ശേഷിയുള്ളവരും, വിദ്വാന്മാരും, എന്നു വേണ്ട വലിയ "മഹാന്മാർ"തന്നെയും ഇന്നു ലോകത്തിൽ ധാരാളം ഉണ്ടു്. മൻകാലങ്ങളെ അപേക്ഷിച്ചു് വളരെ കൂടുതലുണ്ടു്. എന്നാൽ നീതിയെ (വിശുദ്ധിയെ) യഥാർത്ഥമായി ആഗ്രഹിക്കുന്നവർ എത്രയോ ചുരുക്കം! ലോകം കായ്ക്കുമായി മതിക്കുന്നവയെ കഥവെയ്ക്കാതെ തങ്ങൾക്കുതന്നേയും ലോകത്തിനും മരിച്ചു് ദൈവത്തിനുവേണ്ടി മാത്രം ജീവിക്കുന്നവരുടെ സംഖ്യ എത്രയോ തുച്ഛം.!" ഇതല്ലയോ ഇന്നത്തെ ഏറ്റവും വലിയ വിപത്തു്.? സന്ന്യാസ സഭകളാണു് ഈ കുറവിനെ പരിഹരിക്കുവാൻ ഏറ്റവും കൂടുതൽ ചുമതലപ്പെട്ട സ്ഥാപനങ്ങൾ.

യൂറോപ്പിനെ ചുട്ടുദഹിപ്പിച്ചു് ഭയവിഹ്വലമാക്കി, കിടകിട വിറപ്പിച്ചുകൊണ്ടു് റോമിൽ പ്രവേശിച്ച ആറ്റിലായെ തടഞ്ഞുനിറുത്തിയതു് വി. ലേയോയുടെ പുണ്യമല്ലെങ്കിൽ പിന്നെ എന്താണു്? തിരുവിതാകൂറിനെ ആക്രമിക്കുന്നതിനുവന്ന വടുകപ്പടയെ പിന്തിരിപ്പിച്ചതു് തിരുവിതാംകൂറിന്റെ സൈന്യബലമല്ല, പ്രത്യുത, വി. ഫ്രാൻസീസ് സേവ്യറിന്റെ വിശുദ്ധിയാണു് എന്നു് നമുക്കു അറിയാമല്ലൊ. ഓരോ സന്ന്യാസിയുടേയും സഭ മുഴുവന്റേയും വിജയം സ്ഥിതിചെയ്യുന്നതു് ജീവിതവിശുദ്ധിയിലാണു്. പുണ്യവാന്മാരുടെയെല്ലാം വിജയരഹസ്യം അവരുടെ വിശുദ്ധിയും, ദൈവൈക്യജീവിതവുമായിരുന്നു എന്നു് ആക്കാണു് അറിഞ്ഞുകൂടാത്തതു്? ദൈവത്തോടു് ചേർന്നു് ജീവിക്കാതെ എത്രവലിയ കായ്ങ്ങൾചെയ്താലും എത്ര ബുദ്ധിമുട്ടിയാലും ഫലമൊന്നു മുണ്ടാവുകയില്ല. വിലയേറിയ ജീവിതത്തെ അനാവശ്യമായ അജ്ഞാനങ്ങളാൽ പാഴാക്കുകയാണു് അപ്പോൾ നാം ചെയ്യുന്നതു്. ശാഖ മു

ന്തിരിവള്ളിയിൽ സ്ഥിതിചെയ്യുന്നില്ലെങ്കിൽ ഫലങ്ങൾ തരുവാൻ അതിനു തനിയെ കഴിയാത്തതുപോലെ എന്നിൽ വസിക്കുന്നില്ലെങ്കിൽ നിങ്ങൾക്കും കഴിയുകയില്ല. ഞാൻ മുന്തിരിവള്ളിയും നിങ്ങൾ ശാഖകളുമാകുന്നു. ആർ എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ അവൻ വളരെ ഫലങ്ങൾ പുറപ്പെടുത്തും. എന്തെന്നാൽ എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്വാൻ കഴിയുകയില്ല." (Jo. XV 4, 5) എന്നുള്ള നാ. കർത്താവിന്റെ തിരുവചനങ്ങൾ നമ്മുടെ ജീവിത ജയാപജയങ്ങളുടെ രഹസ്യത്തെ തെളിവായി കാണിക്കുന്നു. "ഇന്നിക്ക് ശക്തി നൽകുന്ന മിശിഹാമൂലം സകലത്തിനും ഞാൻ ശക്തനാകുന്നു." (Phili. IV 13) എന്നു് വി. പൌലോസു് പറഞ്ഞിട്ടുണ്ടു്. പൗലോസല്ല, മിശിഹായാണു പൗലോസിൽ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്തിരുന്നതു്. ഇതുതന്നെ സകല വിശുദ്ധന്മാരുടെയും, ദൈവൈക്യ ജീവിതത്തെ സ്വപ്രധാനമായി കരുതിയ സകല സന്ന്യാസ സഭകളുടെയും വിജയരഹസ്യം.

എന്നാൽ ഇക്കാര്യത്തിൽ സന്ന്യാസികൾക്കുള്ളതിനെയും പറ്റി പാടുള്ള ഒരബദ്ധത്തെ ഫാദർ ലീൻ (E. Leen C. S. Sp. M. A. D. D. D. Litt.) എടുത്തു കാണിക്കുന്നുണ്ടു്. അദ്ദേഹം പറയുന്നു. "ഇന്നത്തെ മിക്ക സന്ന്യാസ സഭകളും പ്രവൃത്തിപരമായ ജീവിതമാണു് കഴിച്ചുവരുന്നതു്. എന്നാൽ സന്ന്യാസ ജീവിതത്തെ പ്രഥമതഃപരോപകാരപ്രവൃത്തികൾക്കുള്ള ഒരു മാർഗ്ഗമായി പരിഗണിക്കുന്നതു് അപകരമാണു്. അതു് ഒന്നാമതായി സഭാംഗങ്ങളുടെ വിശുദ്ധിക്കുള്ള മാർഗ്ഗമാണു്. പരസേവനമോ, രണ്ടാമത്തെ ഉദ്ദേശം മാത്രം. സന്ന്യാസാത്മാവു് ദൈവത്തെ അന്വേഷിക്കുന്നതു് ദൈവൈക്യം വഴിയായി പരസേവനം നിർവഹിക്കുന്നതിനുവേണ്ടിയാണെന്നു ധരിക്കേണ്ടതല്ല. ദൈവൈക്യം വേറെയാതൊരു ലക്ഷ്യത്തിനും പിന്നിലാകരുതു്. മറിച്ചു്, ഓരോരുത്തരും സ്വീകരിച്ചിരിക്കുന്ന സന്ന്യാസ സഭയുടെ പ്രത്യേകജോലി ദൈവസ്നേഹത്തെ വർദ്ധിപ്പിക്കുന്നതിനും ആ സ്നേഹത്തെ പ്രദർശിപ്പിക്കുന്നതിനും ആത്മാവിനെ സഹായിക്കുന്ന ഒരു മാർഗ്ഗം മാത്രമാണെന്നു മനസ്സിലാക്കണം. ഒരു സന്ന്യാസിയുടെ ജോലി എത്ര ഫലപ്രദമായി മനുഷ്യർക്കു് കാണപ്പെട്ടാലും, മനസ്സിനോ ശരീരത്തിനോ ചെയ്യുന്ന ഉപകാരങ്ങളിൽ അവസാനിച്ചുപോകുന്നെങ്കിൽ, അതു്

ഒരു പരാജയംതന്നെയായിരിക്കും. മിഷിഹായ്ക്കു് പ്രതിഷ്ഠിക്കപ്പെട്ടവർ, അജ്ഞന്മാരെയൊ പീഡിതരെയൊ സഹായിക്കുന്നതിനുവേണ്ടി നടത്തുന്ന പ്രവർത്തനങ്ങളിൽ, മിശിഹായുടെ പ്രവർത്തനങ്ങളുടെ മുദ്രപതിഞ്ഞിരിക്കണം. അവിടത്തെ അനുഗ്രഹത്തിന്റെയും നന്മയുടെയും ശക്തിമുഴുവൻ വിനിയോഗിച്ചതു് ഒരൊറ്റ കാര്യത്തിനുവേണ്ടിയായിരുന്നു. അതായതു് ദൈവത്തെ സമീപിക്കുന്നതിനു് മനുഷ്യർക്കുള്ള തടസ്സങ്ങളെ നീക്കുന്നതിനും പ്രവർത്തനങ്ങളിലേപ്പെട്ടിരിക്കുന്ന ഏതു സന്യാസസഭയുടേയും ജോലി ഇതായിരിക്കണം. പ്രവർത്തനങ്ങളുടെ വിജയത്തിലുള്ള അത്യാസക്തി നിമിത്തം അതിൽ ശ്രദ്ധ അധികമായി പതിഞ്ഞുപോകുന്നതിനും പ്രധാനകാര്യംക്രമേണ ഒരു വശത്തേയ്ക്കു് മാറുന്നതിനും, എന്നല്ല പിറകിലേക്കു് തന്നെ തള്ളിക്കളയുന്നതിനും ഇടയുണ്ടു്. ഇങ്ങനെ പ്രധാനമായതിന്റെ സ്ഥാനത്തു് അപ്രധാനവും, അന്യത്തിന്റെ സ്ഥാനത്തു് മാർഗ്ഗവും കയറിപ്പറ്റും. സന്യാസജീവിതത്തിന്റെ ശിക്ഷണവും, ക്രമവും, ബാഹ്യപ്രവർത്തനങ്ങളുടെ വിജയത്തിനു് വളരെ ഉപകരിക്കുന്നുണ്ടു് എന്ന അനിഷേധ്യമായ വസ്തുത ഈ അബദ്ധത്തിനു് വഴിതെളിയ്ക്കുന്നുവെന്നു് പറയാം. സഭ ഏറ്റെടുത്തിരിക്കുന്ന പ്രത്യേക ജോലിയുടെ ഫലപ്രാപ്തി അഥവാ വിജയം എളുപ്പത്തിൽ ശ്രേഷ്ഠന്മാരുടെ പ്രധാന ചിന്താവിഷയം ആയിപ്പോകുവാനും ഇടയുണ്ടു്.

അതുകൊണ്ടു് അറിയാതെതന്നെ സന്യാസവ്രതങ്ങളും, ക്രമീകൃതമായ ജീവിതവും തങ്ങൾ സ്വീകരിച്ചിരിക്കുന്ന ജോലികളുടെ വിജയത്തിനു വേണ്ടശക്തിയും ഐക്യവും കിട്ടുന്നതിനുള്ള ഉപാധികൾ മാത്രമായി പരിഗണിക്കപ്പെട്ടുപോയി എന്നും വരാം. ഇതു അന്ത്യത്തെ മാർഗ്ഗവും മാർഗ്ഗത്തെ അന്ത്യവുമാക്കുന്ന തകിടം മറിച്ചിലാണു്. എന്നാൽ ഇതു് വലിയ അബദ്ധമാണെന്നു് ഒട്ടും ഓർക്കുകയുമില്ല. ജീവിതവിജയത്തെ തേടുമ്പോൾ ഈ തെറ്റിൽ വീഴാതിരിക്കുവാൻ നാം ശ്രദ്ധിക്കണം."

നാം വളരെയധികം വേലചെയ്യുന്നുണ്ടെങ്കിലും ലക്ഷ്യം തെറ്റിപ്പോകുന്നുവെങ്കിൽ നമ്മുടെ ജീവിതംതന്നെ പരാജയത്തിൽ അവസാനിക്കും. ബാഹ്യമായ ഏതു് നല്ലപ്രവൃത്തിക്കും ഒരു സ്വാഭാവിക സദുദ്ദേശ്യം ഉണ്ടായിരിക്കും. ഈ ഉദ്ദേശ്യം വേറൊരുദ്ദേശ്യത്തിനു മാർഗ്ഗമായി എന്നും വരാം. അതു് വീണ്ടും വേറൊന്നിനും എന്നിങ്ങനെ മാർഗ്ഗങ്ങളുടെയും അന്ത്യങ്ങളുടെ

യും ഒരു നീണ്ട ശൃംഖലതന്നെയുണ്ടാകാം. ഒരു സന്യാസി പ
ഠിക്കുന്നു. അതിന്റെ ഏറ്റവും അടുത്ത ഉദ്ദേശ്യം ബ്രഹ്മവിദ്യാ
സവും, ജ്ഞാനസമ്പാദനവും ആണ്. ഈ ജ്ഞാനസമ്പാദന
മാകട്ടെ പിന്നീട് നന്നായി പഠിപ്പിക്കുകയോ പ്രസംഗിക്കുക
യോ ചെയ്യുന്നതിനു് ഒരു മാർഗ്ഗമായിരിക്കാം. ഈ ജോലിക
ളെന്തന്നെയും മനുഷ്യരെ നന്നാക്കുന്നതിനും, മനുഷ്യർ നന്നാ
കുന്നതു് ദൈവസ്ഥതിക്കുവേണ്ടിയും ആണ്. അങ്ങനെ ഇതുക
ളുടെയെല്ലാം പരമ അന്ത്യം ദൈവസ്ഥതിയത്രേ.

സന്യാസികൾക്കു് സഭയുടെ അകത്തും പുറത്തുമായി നി
രവധി ജോലികൾ ചെയ്യുവാനുണ്ടു്. അവയെല്ലാം ദൈവം
ഓരോരുത്തക്കു് വിഭജിച്ചുകൊടുക്കുന്നു. അവയിൽ ചിലതു
ബഹുമാനംകൂടിയതും, ചിലതു് കുറഞ്ഞതും, ചിലതു് വലിയ
തും, ചിലതു് ചെറിയതും,എന്നൊക്കെ നമുക്കു തോന്നിയേക്കാം.
എന്നാൽ എല്ലാം ദൈവത്തിന്റെ ജോലിയാകയാൽ ബഹു
മാന്യങ്ങളുതന്നെ. ഒരാളോടു പ്രിയോരായിരിയ്ക്കാൻ പറയുന്ന
ദൈവംതന്നെയാണു് വേറൊരാളോടു് പ്രക്കടോരെ സങ്കീർത്തി
ക്കാരനോ, ആയിരിക്കുവാൻ ആജ്ഞാപിക്കുന്നതു്. ഏതായാ
ലും ഓരോ ജോലിക്കും അതാതിന്റെ സ്വാഭാവികമായ ചില
പ്രത്യേക അന്ത്യങ്ങളും ഉണ്ടു്. ആ ഉദ്ദേശ്യസാദ്ധ്യത്തെയാണു്
സാധാരണ മനുഷ്യർ ജോലിയുടെ വിജയം എന്നു പറയുന്നതു്.
സന്യാസ സഭയിലുള്ള ഓരോ ജോലിയുടെയും ഓരോ വകു
പ്പിന്റെയും, ഉദ്ദേശ്യം ആ സഭ പ്രത്യേകം സ്വീകരിച്ചിരിക്കു
ന്ന വേലയുടെ ഫലപ്രാപ്തിയാണു്. ആ ഫലപ്രാപ്തിതന്നെ
യും ദൈവസ്ഥതിക്കുവേണ്ടിയാണെന്നു് എല്ലാവക്കും അറിയാം.
എങ്കിലും, സന്യാസ വിദ്യാർത്ഥിയും സന്യാസ അദ്ധ്യാപകനും,
പ്രാസംഗികനും, അയാളുടെ ജോലിയെ പലതരത്തിൽ പരി
ഗണിച്ചെന്നുവരാം. ചിലർ അവരുടെ ജോലിയുടെ സ്വാഭാ
വികമായ അന്ത്യത്തെ ഒന്നാമതായി തേടുന്നു. പൊതുവിൽ
എല്ലാം ദൈവസ്ഥതിക്കെന്നു് ഒരു വിചാരം അവക്കുണ്ടു്. വേ
റെ ചിലരാകട്ടെ അവരുടെ ജോലിയിൽ ആദ്യംതന്നെ ദൈ
വചിത്തത്തെ കാണുകയും അതു് നന്നായി നിറവേറുകയും,
അങ്ങനെ ദൈവത്തെ പ്രസാദിപ്പിക്കുകയും, അവിടത്തെ സ്തു
തി വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനു് ഒന്നാമതായി ആഗ്രഹി
ക്കുന്നു. ഇതാണു് വിശുദ്ധന്മാരുടെ പ്രവർത്തനരീതി. നമുക്കും
വിശുദ്ധന്മാരെപ്പോലെ ജീവിപ്പാനാഗ്രഹമുണ്ടെങ്കിൽ നാം ചെ

യുന്ന സകല കാര്യങ്ങളിലും ഒന്നാമതായും എല്ലാറ്റിലും ഉപരിയായും നേരിട്ടും ദൈവത്തെയാണ് നാം അന്വേഷിക്കേണ്ടതു്. പിന്നീടു്, അക്കാരണത്താൽ, അതായതു് ദൈവത്തെ പ്രസാദിപ്പിക്കുന്നതിനു് വേണ്ടിത്തന്നെ, നമ്മുടെ ജോലിയുടെ സ്വാഭാവിക അന്ത്യം പ്രാപിക്കുന്നതിനു് കഴിയുന്നിടത്തോളം ശ്രമിക്കേണ്ടതും ആണു്. ഓരോ ജോലിയുടേയും സ്വാഭാവിക ലക്ഷ്യപ്രാപ്തിയെ അമിതമായി തേടുക, സന്ന്യാസികൾക്കു് വരാവുന്ന ഒരു അബദ്ധമാണു്. ഇങ്ങനെയുള്ളവർ ദൈവത്തെ തീരെ മറന്നുകളയുന്നില്ല. ദൈവത്തിനുവേണ്ടിയാണു് ആ ജോലി ചെയ്യുന്നതെന്നും മറവു രാവിലെ പറഞ്ഞുവച്ചിട്ടുണ്ടു്. പിന്നീടു് ജോലിയിൽ അങ്ങു് മുഴുകിപ്പോകുന്നു എന്നു മാത്രം. ജോലിയുടെ ബാഹ്യവിജയമാണു് പ്രധാന ചിന്താവിഷയവും ലാക്കും. വിജയത്തിന്റെ സ്തുതിയും ജോലിയുടെ രസവും അവരെ വശീകരിച്ചുകളയുന്നു. ദൈവത്തിനു് ഒന്നാം സ്ഥാനം കൊടുക്കുന്നില്ല 'എന്നേയുള്ളൂ.' ഇങ്ങനെ വേല ചെയ്യുന്നവർ വെറും കൂലിക്കാർ മാത്രം. ദൈവമക്കളോ വിത്തുഭരോ അല്ല.

ഉദാഹരണത്തിനുവേണ്ടി അദ്ധ്യാപക ജോലിതന്നെ എടുക്കാം. കുട്ടികൾ പരീക്ഷയിൽ പാസ്സാകണം, അഥവാ പാസ്സായില്ലെങ്കിലും അവക്കു ശരിയായ വിദ്യാഭ്യാസം കിട്ടണം, അതുമല്ലെങ്കിൽ അവർ ഒന്നും പഠിക്കുന്നതിനു് ഇടയായില്ലെങ്കിൽത്തന്നെയും അദ്ധ്യാപനം അതിൽത്തന്നെ പരിപൂർണ്ണമായിരിക്കണം. ഇവയിലേതെങ്കിലുമൊന്നാണോ, അതോ ദൈവസ്തുതിയും ദൈവചിത്തവും ആണോ, അദ്ധ്യാപകന്റെ പ്രഥമവും പ്രധാനവുമായ ലാക്കു്.? കുട്ടികളുടെ പരീക്ഷാവിജയം എന്നലക്ഷ്യം അധികം പ്രബലപ്പെട്ടാൽ അതിനുവേണ്ടിത്തന്നെ അതിനെ തേടിഎന്നു വരാം. അതു് ദൈവതിരുമുമ്പിൽ ജോലിയുടെ ഗുണത്തെ കുറയ്ക്കുന്നു. തന്നെയല്ലാ അതു കൂടെ കൂടെ നുപോയാൽ പാപംപോലും ആയിത്തീരുവാൻ ഇടയുണ്ടു്.

ഇഹത്തിൽ അനുഭവവേദ്യമാകുന്ന വിജയത്തെ പ്രധാനമായി നോക്കുന്നവർ അവരുടെ ജോലിയിൽ സഭാനിയമങ്ങളൊ അധികാരികളുടെ നിശ്ചയങ്ങളൊ മറവു സാഹചര്യങ്ങളൊ നിമിത്തം വൈഷമ്യങ്ങളും പ്രതിബന്ധങ്ങളും നേരിടുമ്പോൾ ആത്മപ്രതാരും സമാധാനരഹിതരും ആയിത്തീരുന്നു. ദൈവത്തെ അല്ല, തങ്ങളെത്തന്നെയാണു് ജോലിയിൽ അന്വേഷിച്ചിരുന്നതു് എന്നതു് ഇതു് വെളിവാക്കുന്നതു്. നല്ലവണ്ണം ബുദ്ധിമുട്ടി പഠി

പ്പിച്ച കൂട്ടികൾ പരീക്ഷയിൽ തോറ്റാൽ അവർക്ക് നഷ്ടം നേരിട്ട എന്നതിനെ അപേക്ഷിച്ച് തങ്ങൾക്കുണ്ടായ തോൽവിയിലും മാനക്കേടിലുമാണ് സങ്കടം. ഇതിൽനിന്നറിയാം പ്രഥമ ലക്ഷ്യം എന്തായിരുന്നുവെന്ന്. ദൈവത്തെ മാത്രം അന്വേഷിച്ചിരുന്നെങ്കിൽ ഭൌതികമായ ഏതുവിധ ഇമ്പാഭംഗത്തിലും പരാജയത്തിലും അവർക്ക് സങ്കടത്തിനിടവരികയില്ലായിരുന്നു.

നമ്മുടെ വേലകളുടെ പരിപൂർണ്ണതയ്ക്ക് അഥവാ വിജയത്തിന് രണ്ടു വശങ്ങൾ പ്രത്യേകം ശ്രദ്ധേയമാണ്. പലപ്പോഴും അവയുടെ പ്രകൃത്യാനുസരണമായ പൂർണ്ണതയേ മനുഷ്യരുടെ ശ്രദ്ധയിൽ പെടുകയുള്ളൂ. എന്നാൽ അതിനുപുറമെ അവയ്ക്ക് പ്രകൃത്യതീതമായ ഒന്നുകൂടി ഉണ്ടെന്നോർക്കണം. ഉദാഹരണത്തിനുവേണ്ടി പറയുകയാണെങ്കിൽ ഒരു കെട്ടിടം പണിയേണ്ടതായി ഉണ്ടെന്നു വിചാരിക്കുക. കെട്ടിടം പണിയിൽ വാസനയുള്ള ഒരുവന്റെ ശ്രദ്ധ പ്രഥമത: പതിയുന്നതു പലപ്പോഴും അതിന്റെ ശില്പകലാപരമായ പൂർണ്ണതയിലാണ്. ശാസ്ത്രീയമായ പല കാര്യങ്ങളെ ആധാരമാക്കി അയാൾ ഒരു പ്ലാൻ തയ്യാറാക്കുന്നു. ആ പ്ലാനനുസരിച്ച് പൂർത്തിയാക്കിയാൽ പണി വിജയകരമായി എന്ന് മനുഷ്യർ പറയും. ഇതു് കലാപരമായ പൂർണ്ണതയാണ്. (Artistic perfection) സന്യാസികളുടെ വേലയ്ക്ക് ഈ പൂർണ്ണതപോരാ. ഇതിനു രണ്ടാം സ്ഥാനമേയുള്ളൂ. ഒന്നാമതു് നല്ല സന്യാസി. രണ്ടാമതു് നല്ല പണിക്കാരൻ. ഇതാണു മുറ. പണി വാസന അത്രയില്ലാത്ത മേലധികാരികൾ നിയമാനുസരണം അവർക്കുള്ള അധികാരം ഉപയോഗിച്ച്, മേൽപറഞ്ഞ പ്ലാനിൽ എന്തെങ്കിലും മാറ്റം ചെയ്താൽ, ആ മാറ്റം പണിയുടെ സ്വാഭാവിക പൂർണ്ണതയെ പക്ഷെ കുറയ്ക്കുമെന്നിരുന്നാലും, അതിനെ സ്വീകരിക്കുവാൻ സന്യാസി ബാദ്ധ്യസ്ഥനാണ്. എളിമയോടുകൂടി ആ മാറ്റത്തെ സ്വീകരിച്ച്, കലാപരമായ സ്വനതയുള്ളതു് മേലധികാരികളുടേതാകയാൽ സ്വന്തംപോലെ താല്പര്യമായി നടത്തുന്നപക്ഷം, കാഴ്ചക്ക് അപൂർണ്ണമായിതോന്നിയാലും, ദൈവത്തിന്റെ ദൃഷ്ടിയിൽ അതാണ് പരിപൂർണ്ണമായ പണി. അതിൽതന്നെയാണ് സന്യാസിയുടെ വിജയവും. മറിച്ച് മേലധികാരികളുടേതിനെക്കാൾ നല്ലതായ സ്വന്തം പ്ലാൻ അനുസരിച്ച് പ്രവർത്തിച്ചാൽ പണി കാഴ്ചയ്ക്ക് മനോഹരമായിരുന്നാലും, അതു് പരിപൂർണ്ണമല്ല. വലിയ സ്വനതയുള്ളതാണ്. ദൈവത്തിന്റെ മുമ്പിൽ ശിക്ഷാർഹവുമായിരിക്കും.

അതിനുവേണ്ടി ചെയ്ത ബുദ്ധിമുട്ടും സമയവ്യയവും മുഴുവൻ വ്യർത്ഥമായിപ്പോയി എന്നുവേണം പറയുവാൻ. നാം ചെയ്യുന്ന ചെറുതും വലുതുമായ സകല പ്രവൃത്തികളെക്കുറിച്ചും ഇതുതന്നെയാണു പറയേണ്ടതു്.

ഒരു പ്രവൃത്തി ശാസ്ത്രീയമായും, കലാപരമായും, സ്വനതയില്ലാത്തതും അതിന്റെ സ്വാഭാവികമായ അന്ത്യപ്രാപ്തിക്കു് പറ്റിയതും ഭംഗിയുള്ളതും മറ്റുമാണെങ്കിൽ അതിന്റെ പൂർണ്ണത 'പ്രകൃത്യനുസരണപൂർണ്ണത'എന്നു പറയാം. എന്നാൽ ദൈവേഷ്ടമാണു് 'പ്രകൃത്യതീത പരിപൂർണ്ണത'യുടെ മാനദണ്ഡം. അതുണ്ടാകുന്നതു് ഒരു വേലയെ പൂർണ്ണമാക്കുമ്പോഴും രണ്ടാമത്തേതു് വേലക്കാരനെയാണു് പരിപൂർണ്ണനാക്കുന്നതു്. രണ്ടാമത്തേതു് അതു സൌനിക്കാതെ ആദ്യത്തേതിൽ ശ്രദ്ധപതിക്കുന്നവൻ അതിനാൽത്തന്നെ അപൂർണ്ണനായിത്തീരുന്നു. നന്നാകുന്നതിനുപകരം ചീത്തയാകുന്നു. പ്രവൃത്തി സ്വതേ എത്ര ഉൽകൃഷ്ടമായിരുന്നാലും, ലോകം എത്ര കൊട്ടിഘോഷിച്ചാലും, പ്രവർത്തകൻ അതോടുകൂടി അധഃപതിക്കുന്നു. ജോലിയിൽ വലിയ വിജയിയായികാണപ്പെട്ടാലും ജീവിതത്തിൽ പരാജിതനാകുന്നു. നാം ചെയ്യുന്ന സകല പ്രവൃത്തികളിലും അവയുടെ ഓരോ അംശത്തിലും ഈ തത്വം നാം ശ്രദ്ധിക്കേണ്ടതാണു്. ഇതു് അവഗണിക്കപ്പെട്ടാൽ മഹൽകാര്യങ്ങളെല്ലാം നിവൃഹിച്ചിട്ടു് നാം കൊള്ളരുതാത്തവരായിത്തീരും. വിലയേറിയ നമ്മുടെ ജീവിതം വ്യർത്ഥമായി പോകും. നാം ചെയ്യുന്ന വേലയുടെ സ്വാഭാവികപൂർണ്ണത ദൈവം എപ്പോഴും ആവശ്യപ്പെടുന്നുവെന്നു് വിചാരിക്കരുതു്. സദാ അവിടത്തെ നോട്ടം നമ്മുടെ വ്യക്തിപരമായ പൂർണ്ണതയാണു്. അതിനു് ചിലപ്പോൾ പ്രവൃത്തികളുടെ സ്വാഭാവിക പൂർണ്ണതയല്ല ഉപകരിക്കുന്നതു് എന്നു് തനിക്കറിയാം. തൻനിമിത്തം മേലധികാരികൾ വഴിയോ മറ്റേതെങ്കിലും സാഹചര്യങ്ങളാലോ പ്രവൃത്തിയുടെ സ്വാഭാവിക പൂർണ്ണതയെ അവിടന്നു് തടഞ്ഞു എന്നു തന്നെയുംവരാം. ചിലപ്പോൾ നമ്മുടെ നല്ല പ്ലാൻ അംഗീകരിക്കപ്പെടുകയില്ല. ചിലപ്പോൾ പൂർത്തിയാക്കുന്നതിനു് വേണ്ട മാർഗ്ഗങ്ങളെല്ലാം കിട്ടുകയില്ല. "ഇങ്ങനെയാണെങ്കിൽ ചെയ്യാതിരിക്കുകയാണു് ഭേദം" എന്നു പറയുന്ന സന്യാസി നല്ല സന്യാസിയല്ല. ഒരു രൂപം പണിക്കാരൻ മനോഹരമായ രൂപം ഉണ്ടാക്കിയതുകൊണ്ടുമാത്രം മനുഷ്യനെന്നോ, ക്രിസ്ത്യാനിയെന്നോ, സന്യാസിയെന്നോ, ഉ

ള്ള നിലയിൽ കൂടുതൽ പരിപൂർണ്ണനാകുന്നില്ല. എന്നാൽ ആ ജോലി ദൈവത്തെക്കുറിച്ചും ദൈവത്തിനുവേണ്ടിയും ചെയ്യാൽ തൃപ്തം കാഴ്ചയ്ക്ക് അത്ര മനോഹരമല്ലെങ്കിലും, അതുകൊണ്ട് അയാൾ പരിപൂർണ്ണനായിത്തീരുന്നു.

വിദ്യാർത്ഥികൾ അഭ്യസ്ഥ വിദ്യരായിത്തീരുകയോ പരീക്ഷയിൽ പാസാവുകയോ ചെയ്താൽ അദ്ധ്യാപകന്റെയും, വിദ്യാർത്ഥികളുടെയും, വേല പരിപൂർണ്ണമായി എന്ന് മനുഷ്യർ പറയും. എന്നാൽ അതുകൊണ്ടു മാത്രം ആ ജോലി അദ്ധ്യാപകനേയോ, അദ്ധ്യേതാവിനേയോ പൂർണ്ണനാക്കുന്നുവെന്നു പറഞ്ഞുകൂടാ. ഒരു വിദ്യാർത്ഥി പഠനം സർവ്വപ്രധാനമെന്ന് വിചാരിച്ചാൽ അതിലേക്ക് സമയം കൂടുതൽകിട്ടുവാൻവേണ്ടി നിയമങ്ങളെ ലംഘിച്ചുവെന്നും മറവു ചുമതലകളുടെ നിർവ്വഹണത്തിൽ അശ്രദ്ധനായിയെന്നും വരാം. അവൻ പരീക്ഷയിൽ പ്രശസ്തമായ വിജയം കൈവരിക്കുന്നു, എല്ലാവരുടേയും സ്തുതിയ്ക്ക് പാത്രീഭൂതനാകുന്നു. എന്നാൽ അതു് ഒരിക്കലും ജീവിതവിജയമല്ല. ഈ ബാഹ്യമാത്രമായ വിജയത്തിനു് ചെയ്യുന്ന ശ്രമം അവനെ വളരെ അധഃപതിപ്പിച്ചുവെന്നുവേണം പറയുവാൻ.

ചിലർ അവരുടെ പ്രവൃത്തികളിൽ, മേൽപറഞ്ഞതരം ബാഹ്യവിജയത്തെ നോക്കുന്നില്ലെങ്കിലും പ്രവൃത്തികൾ തന്നിൽത്തന്നെ പൂർണ്ണമായിരിക്കണമെന്നൊരു അമിതാഗ്രഹം അവർക്കുണ്ടാകാം. അവർക്ക് തോന്നുന്ന ആശയമനുസരിച്ച് അവരുടെ ജോലി നന്നായി എന്നൊരു തൃപ്തി വേണം. നന്നായി ഭരണം നടത്തി, നന്നായി കായ്കൃഷി അനുഷ്ഠിച്ചു, എല്ലാവർക്കും വേണ്ടതെല്ലാം കൊടുത്തു, ആർക്കും വിഷമത്തിനു് ഇടവരുത്തിയില്ലാ, നന്നായി പഠിപ്പിച്ചു, നന്നായി പ്രസംഗിച്ചു, ചുരുക്കത്തിൽ എല്ലാം നന്നായിചെയ്തു, എന്നു് ആരും പറഞ്ഞില്ലെങ്കിലും വേണ്ടില്ല; തങ്കൾക്കുതന്നെ തോന്നുകയെങ്കിലുംവേണം. അപ്പോൾ വിജയമായി എന്നു് വിചാരിക്കുന്നവരും ഉണ്ടാകാം. എന്നാൽ നമ്മുടെ തൃപ്തിയല്ല ദൈവത്തിന്റെ തൃപ്തിയാണു് സാധിക്കേണ്ടതു്. നന്നായി എന്നു പറയുന്നതിനു് നമ്മുടെ ബോധത്തിൽ തോന്നുന്ന ആശയമല്ല മാനദണ്ഡം. ദൈവത്തിന്റേതാണു്. അതറിയുന്നതിനു് നമുക്കു് വഴികളുമുണ്ടു്. ഓരോ ജോലിയും തന്നിൽത്തന്നെ എത്ര പരിപൂർണ്ണമാകാൻ പാടുണ്ടു് എന്നുള്ളതല്ല നോക്കേണ്ടതു്. ഞാൻ ഈ സാഹചര്യങ്ങളിൽ ഈ ഉപകരണങ്ങളോടുകൂടി, ഈ ശ്രേഷ്ഠന്റെ കീഴിൽ, അല്ലെങ്കിൽ ഈ സ

ന്യാസികളെ ഭരിക്കുന്നതിൽ, എത്ര പരിപൂർണ്ണമായി വർത്തിക്കുവാൻ പാടുണ്ട് എന്നാണ് നോക്കേണ്ടതു്. അതായതു് ദൈവേഷ്ടം എന്തെന്നു മാത്രം. അങ്ങനെവരുമ്പോൾ ഉപകരണങ്ങൾ നന്നല്ല, സമയം കുറവാണു്, വേണ്ടത്ര സഹകരണമില്ല, പ്രോത്സാഹനമില്ല, എന്നൊക്കെ ആവലാതി പറയുകയില്ല. ദൈവം തന്നിരിക്കുന്ന സാഹചര്യങ്ങളിൽ സാധിക്കുന്നത്ര നല്ലു് മതിയെന്നുവയ്ക്കുക. അതാണു് ദൈവത്തിന്റെ ദൃഷ്ടിയിൽ പരിപൂർണ്ണം. അതിലാണു് നമ്മുടെ യഥാർത്ഥ ജീവിതവിജയം സ്ഥിതിചെയ്യുന്നതും.

DC Library
00007483
K19 T56